JESUS REDEEMS MINISTRIES

# യുവജനലോകം

ആഗസ്റ്റ് 2025



# ആമുഖം



പ്രിയപ്പെട്ട യൗവനക്കാരെ!

**യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ!**

യൗവനക്കാരായ നിങ്ങൾ ശക്തരാണെന്ന് മറക്കരുത്. വേദപുസ്തകത്തിലെ എല്ലാ യൗവനക്കാരെയും കർത്താവ് ശക്തിപ്പെടുത്തി ഉപയോഗിച്ചു. ആ രീതിയിൽ കർത്താവ് ബലപ്പെടുത്തിയ രണ്ട് ബലവാന്മാരിൽ ഒന്ന് ദാവീദും മറ്റൊരാൾ അവന്റെ സ്നേഹിതൻ യോനാഥാനുമാണ്. ഇരുവരും വളരെ അടുത്ത സ്നേഹിതരായിരുന്നു. അവരുടെ സൗഹൃദം പലർക്കും മാതൃകയായിരുന്നു. അടുത്ത രാജാവ് യോനാഥാനായിരുന്നിട്ടും, അവൻ ദാവീദിനെ വളരെയധികം സ്നേഹിച്ചിരുന്നതുകൊണ്ട്, സ്വാർത്ഥതയില്ലാതെ ദൈവഹിതത്തിനായി അവൻ തന്നെ സ്വയം സമർപ്പിച്ചു. ദാവീദിനെ വളരെയധികം സ്നേഹിച്ചതിനാൽ രാജാവിന്റെ മകനായ യോനാഥാൻ തന്റെ രാജവസ്ത്രവും, വാളും, മേലങ്കിയും വില്ലും, അരക്കച്ചയും ദാവീദിന് നൽകി.

ഇത് സൂചിപ്പിക്കുന്നതെന്തെന്നാൽ, ഒരു രാജാവിന് ആവശ്യമായതെല്ലാം ദാവീദിനെ അണിയിച്ചുകൊണ്ട്, യോനാഥാൻ അവന്റെ ഭംഗി ആസ്വദിക്കുകയായിരുന്നു. ദാവീദിനെ രക്ഷിക്കാൻ അവൻ തന്റെ പിതാവിന്റെ കോപവും വെറുപ്പും സമ്പാദിച്ചു. അവൻ ദാവീദിന്റെ പൂർണ്ണ സംരക്ഷകനായിരുന്നു. ശൗൽ ദാവീദിനെ കൊല്ലുവാൻ ശ്രമിക്കുമ്പോഴെല്ലാം, യോനാഥാൻ മദ്ധ്യത്തിൽ നിന്ന്, 'ദാവീദ് നല്ലവനാണ്! അവൻ ഉത്തമനാണ്!' എന്ന് വാദിച്ചുകൊണ്ടിരുന്നു. സൗഹൃദത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് യോനാഥാൻ. തന്റെ ആഗ്രഹങ്ങളും, തനിക്ക് ലഭിക്കേണ്ട എല്ലാ ശ്രേഷ്ഠതയും മാറ്റിവച്ച്, അവൻദാവീദിന് നല്ല സ്നേഹിതനായിരുന്നു. ഇങ്ങനെയും സൗഹൃദമുണ്ട്.

എന്നാൽ, ഇന്നത്തെ സാഹചര്യത്തിൽ സൗഹൃദത്തിനുവേണ്ടി പ്രശ്നങ്ങളും, കൊലപാതക ശ്രമങ്ങളും വ്യാപകമായിരിക്കുന്നതായി പത്രങ്ങളിൽ നാം കാണുന്നു. ഈ ലോകത്തിലെ സൗഹൃദങ്ങളിലെല്ലാം സ്വാർത്ഥതയും, വഞ്ചനയും, ഗൂഢാലോചനയും കാണപ്പെടുന്നു.

യേശുവില്ലാത്ത ഏതൊരു ബന്ധവും കഷ്ടതയിലും പരാജയത്തിലും വേദനയിലും മാത്രമേ അവസാനിക്കുള്ളൂ. യേശു നിങ്ങളുടെ സ്നേഹിതനാകുമ്പോൾ ദാവീദിന് യോനാഥാൻ ഉണ്ടായിരുന്നതുപോലെ, നിങ്ങൾക്കും യേശു ഒരു നല്ല സ്നേഹിതനായിരിക്കും. നിങ്ങളുടെ സൗഹൃദത്തിൽ സ്വാർത്ഥത ഉണ്ടാകില്ല. ദൈവഹിതം ചെയ്യണമെന്നുള്ള ആഗ്രഹം ഉണ്ടാകും, കർത്താവിന് ഹിതമായി നടക്കണമെന്ന ദൈവഭയവും ഉണ്ടാകും.



അതുകൊണ്ട്, നല്ല സ്നേഹിതനായ യേശുവിനെപ്പോലെ നീയും അനേകർക്ക് എഴുന്നേൽക്കുവാനുള്ള ഒരു ഊന്നുവടിയായിരിക്കണം!

അനേകർക്ക് ഉയരുവാനുള്ള ഒരു നല്ല ഗോവണിയായിരിക്കുക!

അനേകർ ശരിയായ പാതയിലൂടെ നടക്കേണ്ടതിന് നീ ഒരു പാലമായിരിക്കുക!

നിങ്ങളുടെ സൗഹൃദം അനേകർക്ക് പ്രയോജനമാകണം, ഉപദ്രവമായിമാറരുത്.

മറ്റുള്ളവരുടെ ഉയർച്ചയ്ക്കും മികവിനും നിങ്ങൾ കാരണക്കാരായിരിക്കണം.

നീ എഴുന്നേറ്റാൽ പലരും എഴുന്നേൽക്കും. യുവജനങ്ങളുടെ മദ്ധ്യത്തിൽ വെല്ലുവിളി ഉയർത്തുന്ന നിങ്ങളെ പോലുള്ള യൗവനക്കാർ ആവശ്യമാണ്.

**യേശുക്രിസ്തുവിൽ ശക്തരാകുവിൻ! മുന്നേറുവിൻ! ജയാളിയാകുവിൻ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# ഇത് അല്ല Trendu...!

ഹായ് ഫ്രണ്ട്സ്! കഴിഞ്ഞ 5 മാസമായി ഒരു യൗവനക്കാരൻ തന്റെ പ്രവൃത്തികളിൽ എങ്ങനെ മാതൃകയായിരിക്കണമെന്ന് വചനാടിസ്ഥാനത്തിൽ കണ്ടുവരുന്നു. ഈ മാസം വിശുദ്ധിയിൽ എങ്ങനെ മാതൃകയായിരിക്കണം എന്ന് നോക്കാം.

## വിശുദ്ധിയിൽ മാതൃക

ഇക്കാലത്ത് ട്രെൻഡായിരിക്കുന്ന ചില കാര്യങ്ങൾ വചനത്തിന് വിരുദ്ധമാണെന്ന് നാം കാണുന്നു. ഈ ലോകത്തിന്റെ പ്രവണതകൾക്കനുസൃതമായി ജീവിക്കുന്നതിനുപകരം തിരുവചനത്തിനനുസരിച്ച് ജീവിക്കുമ്പോൾ നമ്മുടെ ജീവിതം അനുഗ്രഹിക്കപ്പെടും.

ഇക്കാലത്ത് **midnight** ബിരിയാണി, **Birthday party, week end parties,** തുടങ്ങി നിരവധി കാര്യങ്ങൾ ട്രെൻഡിന്റെ പേരിൽ യൗവനക്കാരെ ആകർഷിക്കുന്നു. ഈ പാർട്ടികളെല്ലാം വിനോദത്തിനാണ് പ്രാധാന്യം നൽകുന്നത്. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ അവർ ഒത്തുചേരുകയും മദ്യപിക്കുകയും ചെയ്യുന്നു. വിനോദത്തിനായി മാത്രം വിളിക്കപ്പെടുന്ന കാര്യം യൗവനക്കാർക്കിടയിൽ വർദ്ധിച്ചുവരികയാണ്. നിന്റെ യൗവനത്തിൽ സന്തോഷിക്ക, എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക എന്ന് വേദപുസ്തകത്തിൽ സഭാപ്രസംഗിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രിയപ്പെട്ട യൗവനക്കാരെ! ഒരു യൗവന സഹോദരിയോ സഹോദരനോ വിവാഹത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് തന്റെ ശരീരം വിശുദ്ധമായി സൂക്ഷിക്കണമെന്ന് തിരുവെഴുത്തുകളിൽ നാം കാണുന്നു. ഇക്കാലത്ത് ചില ആളുകൾ വിവാഹത്തിന് മുമ്പ് എങ്ങനെ വേണമെങ്കിലും ജീവിക്കാം.

വിവാഹത്തിനുശേഷം വിശ്വസ്തത പാലിച്ചാൽ മതിയെന്ന് പറയുന്നത് വചനപ്രകാരം തെറ്റായ ആശയമാണ്. നിങ്ങൾ എപ്പോഴും വിശുദ്ധി കാത്തുസൂക്ഷിക്കണം. യൗവന സഹോദരാ, സഹോദരീ, നിങ്ങളുടെ വിശുദ്ധി വളരെ പ്രധാനമാണ്. പവിത്രത സ്ത്രീകൾക്ക് മാത്രമല്ല, പുരുഷന്മാർക്കും ഉള്ളതാണ്. ലൈംഗിക പാപം വളരെ ക്രൂരമാണ്. നാം നമ്മുടെ ശരീരത്തെ നശിപ്പിച്ചാൽ കർത്താവ് നമ്മെയും നശിപ്പിക്കും എന്ന് വചനത്തിൽ കാണുന്നു. എന്തെന്നാൽ ഈ ശരീരം കർത്താവ് വസിക്കുന്ന ആലയമാണ്. ഒരാൾ ആ ശരീരത്തിൽ വ്യഭിചാരത്തിനും പരസംഗത്തിനും അശുദ്ധിക്കും സ്ഥാനം നൽകിയാൽ അയാൾക്ക് ജീവിതത്തിൽ സമാധാനം ലഭിക്കില്ല. ശരീരത്തിൽ തെറ്റ് ചെയ്താൽ മാത്രമാണ് അത് തെറ്റ് എന്ന് ചിന്തിക്കുന്ന അനേകരുണ്ട്. നമ്മുടെ മനസ്സിൽ തെറ്റായ ചിന്തകൾ വച്ചുപുലർത്തുകയാണെങ്കിൽ അതും ഒടുവിൽ പാപത്തിലേക്ക് നയിക്കുന്ന ഒരു ഘടകമായി മാറും.

മത്തായി 5-ാം അദ്ധ്യായത്തിൽ, "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോടു വ്യഭിചാരം ചെയ്തുപോയി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.



അതുകൊണ്ട് നമ്മുടെ മനസ്സിനെ കളങ്കപ്പെടുത്തുന്ന ഒരു കാര്യത്തിലും ഏർപ്പെടാതിരിക്കേണ്ടത് അത്യാവശ്യമാണ്. നമുക്ക് ചുറ്റും പാപം നിറഞ്ഞിരിക്കുന്നു. ഒരു സിനിമയോ വെബ് സീരീസോ നിർമ്മിക്കുമ്പോൾ അതിലും അശ്ലീലം ഉൾപ്പെടുത്തിയിരിക്കുന്നു. അത് യൗവനക്കാരുടെ ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ അത് അവരെ തെറ്റായ കാര്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും അവരുടെ വിശുദ്ധിയെ നശിപ്പിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഈ കാര്യത്തിൽ വളരെ ശ്രദ്ധയോടിരിക്കുവിൻ. **Live-in, friends for benefits** എന്ന രീതിയിൽ ജീവിക്കാം എന്നത് ഒരു ട്രെൻഡ് അല്ല.

അത് നിങ്ങളുടെ ജീവിതത്തെ നശിപ്പിക്കുന്ന ഒന്നാണ്. അതിനുപകരം വിശുദ്ധിയോടെ ജീവിച്ച് മറ്റുള്ളവരുടെ മുന്നിൽ നമുക്ക് ഒരു വിശുദ്ധിയുടെ ട്രെൻഡ് സൃഷ്ടിക്കാം.

# 97 ദിവസം കാത്തിരുന്ന യൗവനക്കാരൻ



Judah Bennihin

**തിരക്കേറിയ പ്രഭാതത്തിൽ ഞങ്ങൾ ഓസൂരിലെ സഹോ. ജൂഡ ബെന്നിഹിന്റെ ഭവനത്തിലെത്തി. അദ്ദേഹം ഒരു കോടി ആത്മാക്കളെ നേടുന്നതിനായുള്ള പ്രാർത്ഥനയ്ക്കായി തയാറാകുകയായിരുന്നു. ഞങ്ങൾ ആരെന്ന് അറിയാതെ തന്നെ അദ്ദേഹം ഞങ്ങളെ വളരെ സ്നേഹത്തോടെ സ്വീകരിച്ചു. ഞങ്ങൾ സ്വയം പരിചയപ്പെടുത്തി. Coffe കുടിക്കുന്നതിനിടയിൽ ഞങ്ങൾ സംസാരിക്കുവാൻ തുടങ്ങി. എന്താണ് ഒരു suspense? അദ്ദേഹവുമായി നടന്ന സംഭാഷണം ഇതാ നിങ്ങൾക്കായി...**

## ഹലോ സഹോദരാ! നിങ്ങളുടെ കുടുംബത്തെക്കുറിച്ച് പറയാമോ?

യേശുവിനെ അറിയാത്ത കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ പിതാവ് മുത്തശ്ശിയുടെ ഉദരത്തിൽ ജനിച്ചപ്പോൾ അവരുടെ വീട്ടിൽ എല്ലായിടത്തും പാമ്പുകളും പാമ്പിന്റെ പുറ്റുകളും ഉണ്ടായിരുന്നു. അദ്ദേഹം ജനിച്ചതിനുശേഷം എന്റെ പിതാവിനെ കിടത്തിയിരുന്ന തൊട്ടിലിനു ചുറ്റും പാമ്പുകൾ കിടക്കുമായിരുന്നു. അതുകൊണ്ട് എന്റെ പിതാവിന് നാഗരാജൻ എന്ന് പേരിട്ടു. എന്റെ അമ്മ അഞ്ജിമ, ആഞ്ജനേയ ഭക്തയാണ്. എന്റെ മുതിർന്ന സഹോദരി ലക്ഷ്മി, ഇളയ സഹോദരി സരസ്വതി, എന്റെ ജേഷ്ഠൻ അയ്യപ്പൻ, എന്റെ പേര് മുരുകൻ. ഇതാണ് എന്റെ കുടുംബം. എല്ലാ വർഷവും ഞങ്ങൾ തീയിൽ ചവിട്ടിയും, ശൂലം കുത്തിയും, ചെരുപ്പില്ലാതെ മല കയറിയും, ഓസൂരിൽ നിന്ന് പഴനി വരെ കാവടി ചുമന്നും, ഞങ്ങളുടെ ക്ഷേത്രത്തിൽ കുംഭാഭിഷേകം ചെയ്തും അങ്ങനെ വളരെ ഭക്തിയോടെയാണ് മാതാപിതാക്കൾ ഞങ്ങളെ വളർത്തിയത്.





## നിങ്ങളുടെ വിദ്യാഭ്യാസത്തെയും യൗവനത്തെയും കുറിച്ച് പറയാമോ?

കുട്ടിക്കാലം മുതൽ ഞാൻ ഒരു ക്രിസ്ത്യൻ സ്കൂളിലാണ് പഠിച്ചത്. ആറാം ക്ലാസിൽ പഠിക്കുമ്പോൾ, തെറ്റായ സ്നേഹിതർ ഉണ്ടാകുകയും, പതുക്കെ പതുക്കെ പുകവലിയും മദ്യപാനവും തുടങ്ങുകയും ചെയ്തു. ഒരു ദിവസം ഞാൻ സ്മശാനത്തിലിരുന്ന് മദ്യപിക്കുമ്പോൾ, ഒരു പിശാചിനാൽ ആക്രമിക്കപ്പെട്ടു. അത് എന്നെ ബാധിച്ചതുമുതൽ, രാവും പകലും എന്നോട് സംസാരിക്കാൻ തുടങ്ങി. എന്റെ കിടപ്പുമുറിയിൽ ഒരു പാമ്പ് എന്നെ ചുറ്റി കിടക്കും. പെട്ടെന്ന് അത് ഭണം വിടർത്തി, എന്നോട് സംസാരിക്കും, കണ്ണുകൾ തുറന്ന് നോക്കുമ്പോൾ ആ പാമ്പിനെ കാണും. അതിന്റെ ശബ്ദം എന്റെ ചെവിയിൽ കേൾക്കും. ഇതുനിമിത്തം സ്കൂൾ




ഫസ്റ്റ് ആയിരുന്ന ഞാൻ, പഠിക്കുവാൻ കഴിയാതെ വളരെ കുറഞ്ഞ മാർക്ക് വാങ്ങാൻ തുടങ്ങി. 'ഞാൻ നിന്നെ ഭ്രാന്തനാക്കും' എന്ന് അത് എന്നോട് സംസാരിക്കും. സ്കൂളിലേക്ക് നടന്ന് പോകുമ്പോൾ പെട്ടെന്ന് സൂര്യനോടും, മരങ്ങളോടും, ചെടികളോടും ഞാൻ സംസാരിക്കും. സ്കൂളിൽ എത്തിയാൽ ഓടിപ്പോയി ആരെയെങ്കിലും ആക്രമിക്കും, അദ്ധ്യാപകരെ അടിക്കും, മോശം വാക്കുകൾ സംസാരിക്കുകയും ചെയ്യുന്നതിനാൽ അദ്ധ്യാപകർ എന്റെ കൈ ജനാലയിൽ കെട്ടി വയ്ക്കും. ഇനി കുറച്ച് കാലം മാത്രമേ ഞാൻ ജീവിച്ചിരിക്കൂ, അതുകൊണ്ട് ജീവിച്ചിരിക്കുന്നതുവരെ സന്തോഷമായിരിക്കാം എന്ന് ചിന്തിച്ച്, മദ്യത്തിനും, പുകവലിക്കും മയക്കുമരുന്നിനും അടിമയായി. എന്റെ ശരീരം മുഴുവനും പച്ച കുത്തുകയും, മോശമായ ജീവിതം നയിക്കുകയും ചെയ്തു. രാത്രികാലങ്ങളിൽ തെരുവിൽ അലഞ്ഞ് നടക്കും, മയക്കുമരുന്ന് ഉപയോഗിക്കാൻ കൈവശം പണം ഇല്ലാത്തതിനാൽ, വാഹനങ്ങൾ മോഷ്ടിക്കുകയും വിൽക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ ഞാൻ വീട്ടിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ദിവസങ്ങൾ പോലീസ് സ്റ്റേഷനിൽ ചെലവഴിച്ചു. ഇങ്ങനെ ഒരു വർഷത്തോളം ഞാൻ എന്റെ വീട്ടിലേക്ക് പോകാതെ ഒരു ഭ്രാന്തനെപ്പോലെ അലഞ്ഞുനടന്നു.

## നിങ്ങളുടെ സ്കൂൾ ദിനങ്ങൾ വളരെ ഭയാനകമായിരുന്നു! നിങ്ങളുടെ യൗവനപ്രായത്തിൽ എന്താണ് സംഭവിച്ചത്? പാപജീവതം നിങ്ങൾ ഉപേക്ഷിച്ചുവോ?

പത്താം ക്ലാസിൽ പഠിക്കുമ്പോൾ, എല്ലാ ദിവസവും രാവിലെ വോളിബോൾ കളിക്കാൻ സ്കൂളിൽ പോയിരുന്നു. ഞങ്ങളുടെ സ്കൂളിൽ സഭാരാധന ഉണ്ടായിരുന്നു. ഒരു സഹോദരൻ എല്ലാ ദിവസവും വന്ന് 'യേശു നല്ലവനാണ്, യേശുവിനെ സ്വീകരിക്കൂ' എന്ന് പറയുമായിരുന്നു. യേശുവിനെക്കുറിച്ച് മാത്രം സംസാരിക്കരുത്, മറ്റെന്ത് വേണമെങ്കിലും പറഞ്ഞോളൂ എന്ന് ആ സഹോദരനോട് പറഞ്ഞു. അതിനുശേഷം എല്ലാ ദിവസവും ആ സഹോദരൻ എനിക്ക് ഒരു പഫ്സും ജ്യൂസും വാങ്ങിതന്നിരുന്നു. യേശുവിനെക്കുറിച്ച് സംസാരിക്കുകയേയില്ല. മൂന്ന്, നാല് മാസങ്ങൾ പഫ്സും ജ്യൂസുമായിരുന്നു ഞങ്ങൾക്കുള്ള സുവിശേഷം. അവസാനമായി ഒരു ദിവസം ഒരു യോഗമുണ്ട് പോകാം എന്ന് പറഞ്ഞ് എന്നെ വിളിച്ചു. എവിടെ വേണമെങ്കിലും വരാം, പക്ഷേ ക്രിസ്തീയ ആരാധനയ്ക്ക് എന്നെ വിളിക്കരുത് എന്നു പറഞ്ഞു. ഒടുവിൽ 2012 മെയ് മാസം 26-ാം തിയതി (എനിക്ക് 16 വയസ്സ്) 3 ദിവസത്തെ ക്യാമ്പിൽ എന്നെ കൊണ്ടുപോയി. ആ രാത്രി നടന്ന യോഗത്തിൽ ഞാൻ യേശുവിനെ മുഖാമുഖം ദർശിച്ചു, 'ഭയപ്പെടേണ്ട, വാൾ പിടിച്ചുകൊൾവിൻ' എന്ന ശബ്ദം കേട്ടു. ഇത് എനിക്ക് പുതുമയായിരുന്നു. ഞാൻ നിരവധി ദൈവങ്ങളെ ആരാധിച്ചിട്ടുണ്ട്, തീയിൽ നടന്നിട്ടും ഒരു ദൈവവും എന്നോട് സംസാരിച്ചിട്ടില്ല! ഇത് ആരാണ്? സംസാരിച്ചുകൊണ്ടിരിക്കുന്നുവല്ലോ എന്ന് എന്റെ മനസ്സിൽ വലിയൊരു ചോദ്യമുണ്ടായി. വാസ്തവമായി യേശു സംസാരിച്ചുവോ? എന്ന് അവിടെയുണ്ടായിരുന്നവരോട് ചോദിച്ചപ്പോൾ, യേശുവാണ് രക്ഷകൻ, യേശുവാണ് വീണ്ടെടുപ്പുകാരൻ, യേശുവാണ് നമുക്ക് ജീവൻ നൽകിയത് എന്ന് അവരൊക്കെ സാക്ഷ്യപ്പെടുത്തി.



## നിങ്ങൾക്കുണ്ടായ ആ ചോദ്യം നിലനിന്നുവോ? നിങ്ങൾ യേശുവിനെ സ്വീകരിച്ചുവോ?

ആ സാക്ഷ്യങ്ങൾ കേട്ടതിനുശേഷം എന്റെ ദൈവം എന്നോടും സംസാരിക്കണം എന്ന ആഗ്രഹത്തോടെ

ആ ക്യാമ്പ് നടന്ന സ്കൂളിന്റെ അഞ്ചാമത്തെ നിലയിൽ കയറി ദൈവത്തെ വിളിക്കാൻ തുടങ്ങി. ആ സമയത്ത് എന്റെ ദൈവം വന്നില്ല, പകരം എല്ലാ ദിവസവും എന്നെ ഭയപ്പെടുത്തിയിരുന്ന പിശാചും സർപ്പവും അവിടെ വന്നു. നിന്റെ ജീവനെടുക്കുന്ന ദിവസം വന്നിരിക്കുന്നു എന്ന് പറഞ്ഞയുടനേ എന്റെ ഹൃദയത്തിൽ ആരോ സൂചികൊണ്ട് കുത്തുന്നതുപോലെ വേദന അനുഭവപ്പെട്ടു, ഹൃദയത്തെ ഞെരുക്കുന്നതുപോലെ 2 മിനിറ്റിനുള്ളിൽ ഞാൻ മരിക്കുമെന്ന് എനിക്ക് മനസ്സിലായി. വേദന സഹിക്കുവാൻ കഴിയാതെ, ആത്മഹത്യ ചെയ്യാം എന്ന് അഞ്ചാമത്തെ നിലയിൽ നിന്ന് ചാടുവാൻ പോയപ്പോൾ, എന്റെ കൺമുന്നിൽ ആകാശം രണ്ടായി പിളർന്നു, ഒരു വലിയ വെളിച്ചം പ്രത്യക്ഷപ്പെട്ടു. ആ പ്രകാശത്തിൽ നിന്ന് 'ഞാനാണ് യഥാർത്ഥ ദൈവം, നിനക്കുവേണ്ടി ക്രൂശിൽ മരിച്ച് നിന്നെ വീണ്ടെടുത്ത രക്ഷകൻ' എന്ന് ഒരു ഭയങ്കര ശബ്ദം ഞാൻ കേട്ടു.

ആ ശബ്ദം കേട്ടയുടനെ ഞാൻ പിന്നിലേക്ക് വീണു. ഏകദേശം 3 മണിക്കൂറിനുശേഷം വീണ്ടും, 'നിനക്കുവേണ്ടി ക്രൂശ് ചുമന്ന് എന്റെ ജീവൻ നൽകി ഞാൻ നിന്നെ വീണ്ടെടുത്തു, എന്റെ ശുശ്രൂഷ ചെയ്യാൻ എനിക്ക് നിന്നെ ആവശ്യമുണ്ട്' എന്ന് ആ ശബ്ദം വീണ്ടും കേൾക്കപ്പെട്ടു. അങ്ങ് എനിക്കുവേണ്ടി ജീവൻ നൽകിയത് സത്യമാണെങ്കിൽ, ജീവനുള്ള കാലത്തോളം ഞാൻ അങ്ങേയ്ക്കായി ജീവിക്കും എന്ന് ആ ദിവസം തന്നെ എന്നെ കർത്താവിനായി സമർപ്പിച്ചു.

## സൂപ്പർ.... മുരുകനായിരുന്ന നിങ്ങളുടെ അടുക്കൽ കർത്താവ് വന്ന് സംസാരിച്ചു... നിങ്ങളുടെ കുടുംബം നിങ്ങളെ സ്വീകരിച്ചുവോ?

2012 മെയ് 27-ാം തിയതി യേശു എന്റെ അടുക്കൽ വന്നു, എന്നെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റി. യേശു എന്നോട് സംസാരിച്ചു എന്ന് എന്റെ അമ്മയോട് പറഞ്ഞപ്പോൾ അവർ പരിഹാസത്തോടെ എന്നെ നോക്കി ആരോ നിന്നെ മതം മാറ്റിയിരിക്കുന്നു, ആ ദൈവത്തെ മറന്ന് നമ്മുടെ ദൈവത്തെ ആരാധിക്കാൻ പറഞ്ഞുകൊണ്ട് എന്നെ തല്ലി. തല്ല് കിട്ടാത്ത ഒരു സ്ഥലവുമില്ല. എനിക്ക് പള്ളിയിൽ പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ പള്ളിയിൽ പോകാൻ കഴിയില്ല. കുളിക്കാൻ പോയാൽ കുളിമുറിയുടെ വാതിൽ അടയ്ക്കും. എന്നാൽ ഞാൻ വാതിൽ പൊളിച്ച് ആരാധനയ്ക്ക് പോകുമായിരുന്നു. ആരാധന കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എന്റെ മാതാപിതാക്കൾ കൈയിൽ വടിയുമായി നിൽക്കും. തെരുവിലൂടെ അവർ എന്നെ അടിച്ചു കൊണ്ടുപോകുമായിരുന്നു. അപമാനവും എതിർപ്പുകളും ഉണ്ടായിരുന്നിട്ടും, എനിക്കുവേണ്ടി ജീവൻ നൽകിയ യേശുവിനായി എങ്ങനെയെങ്കിലും ജീവിക്കണം എന്ന് 16 വയസ്സുള്ള യൗവനക്കാരനായ എനിക്ക് തീക്ഷ്ണത ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ എനിക്ക് ഭക്ഷണമില്ലായിരുന്നു. അർദ്ധരാത്രി 12 മണി ആയാലും ഞാൻ പുറത്ത് തന്നെ നിൽക്കണം. അതിനുശേഷം മാത്രമേ അവർ എന്നെ വീട്ടിനുള്ളിൽ കയറ്റുകയുള്ളൂ.

എനിക്ക് വേദപുസ്തകം വായിക്കാൻ വളരെ ആഗ്രഹമുണ്ട്. പക്ഷേ വീട്ടിൽ ഞാൻ വേദപുസ്തകം തുറന്നാൽ എന്റെ അമ്മ അതെടുത്ത് എന്റെ കൺമുന്നിൽ വച്ച് തീയിലേക്ക് എറിയും. എല്ലാവരും ഉറങ്ങിയതിനുശേഷം അർദ്ധരാത്രി 12 മണി കഴിഞ്ഞ് പുതപ്പ് മൂടി ടോർച്ചിന്റെ വെളിച്ചത്തിൽ ഞാൻ വേദപുസ്തകം വായിക്കും. വേദപുസ്തകം വായിക്കണമെന്ന ആഗ്രഹം നിമിത്തം മൂന്ന് ദിവസം കൊണ്ട് ഞാൻ മുഴുവനായി



വായിച്ചു തീർത്തു. എനിക്ക് പ്രാർത്ഥിക്കാനും, വേദപുസ്തകം വായിക്കാനും അറിയില്ലായിരുന്നു. സഭയിൽ മറ്റെല്ലാവരും കാണിക്ക നൽകുമ്പോൾ എന്റെ കൈവശം പണം ഉണ്ടാകില്ല. എന്നാൽ ഞാനും കാണിക്കപെട്ടിയിൽ കൈ വച്ച്, എന്നെ തന്നെ തരുന്നു എന്നു പറഞ്ഞ് സമർപ്പിക്കും.

## കേൾക്കുമ്പോൾ ഭയാനകമായിരിക്കുന്നു... 16 വയസ്സിൽ ഇത്രയേറെ കഷ്ടങ്ങളിലൂടെ കടന്നുപോയല്ലോ.... നിങ്ങളുടെ കഷ്ടത അവസാനിച്ചോ? അതോ തുടരുകയാണോ?

കഴിഞ്ഞിട്ടില്ല... 17വയസ്സുള്ള എന്നോട് 'ഈ വർഷം നീ മാലയിടണം' എന്ന് അവർ പറഞ്ഞു. "യേശുക്രിസ്തുവിനെ ഞാൻ ദൈവമായി സ്വീകരിച്ചതുകൊണ്ട് എനിക്ക് അത് ചെയ്യാൻ കഴിയില്ല" എന്നു പറഞ്ഞ് അമ്മയോട് എതിർക്കാൻ തുടങ്ങി. എന്റെ അമ്മാവന്റെ കുടുംബവും എന്റെ

കുടുംബവും ചേർന്ന് 17 വയസ്സുള്ള യൗവനക്കാരൻ എന്നു പോലും പരിഗണിക്കാതെ, എന്നെ തല്ലി, "നീ മാലയിട്ട് ഈ വീട്ടിൽ ഇരിക്കണം. അല്ലെങ്കിൽ ഇപ്പോൾ തന്നെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകണം" എന്നു പറഞ്ഞയച്ചു. 17 വയസ്സുള്ള യൗവനക്കാരനായ ഞാൻ, കീറിയ വസ്ത്രത്തോടെ വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടു. ഉറങ്ങാൻ സ്ഥലമില്ലാതെ ബസ് സ്റ്റാൻഡുകളിലും, റെയിൽവേ സ്റ്റേഷനുകളിലും, പ്ലാറ്റ്ഫോമുകളിലും കിടന്നുറങ്ങി.

ഉറങ്ങാൻ സ്ഥലമില്ലാതെ ബസ് സ്റ്റാൻഡുകളിലും, റെയിൽവേ സ്റ്റേഷനുകളിലും, പ്ലാറ്റ്ഫോമുകളിലും കിടന്നുറങ്ങി.

ഓസൂരിലെ **public toilet** വൃത്തിയാക്കിയാൽ എല്ലാ ദിവസവും രാവിലെ 200 രൂപ ലഭിക്കും. സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുമ്പോൾ100 രൂപ ലഭിക്കും. വീടിന് പുറത്തുള്ള പുല്ല് വെട്ടിയാൽ 50,20 രൂപ നൽകും. അത് ഉപയോഗിച്ചാണ് ഞാൻ പഠിച്ചത്. ഒരു ദിവസമോ രണ്ട് ദിവസമോ അല്ല, ആറ് വർഷം എന്റെ ജോലി ഇതായിരുന്നു. ഇങ്ങനെയാണ് എന്റെ സ്കൂൾ , കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഉറങ്ങാൻ സ്ഥലമില്ലെന്ന് നോക്കിയാൽ ഭക്ഷണവും ഉണ്ടായിരുന്നില്ല. എന്റെ അവസ്ഥ കണ്ട് ഭിക്ഷയെടുക്കുന്നവർ അവർക്ക് ലഭിക്കുന്ന ഭക്ഷണപ്പൊതിയിൽ നിന്ന് എനിക്കും നൽകും.

ഒരു പാക്കറ്റ് മിക്സ്ചർ 28 ദിവസത്തേക്ക് എന്റെ ഭക്ഷണമായിരുന്നു. കൂടുതൽ കഴിച്ചാൽ വേഗം തീർന്നുപോകുമെന്ന് ചിന്തിച്ച് കുറെശ്ശെ കുറെശ്ശെ കഴിച്ച് വെള്ളം കുടിക്കുകയും ചെയ്തിരുന്നു. സ്കൂളും, കോളേജും കഴിഞ്ഞ് വന്നയുടെ വിജനമായ സ്ഥലത്ത് മുട്ടുകുത്തി, "കർത്താവേ, ഇന്ന് ഈ ലോകം എന്നെ ഒരു ഭിക്ഷക്കാരൻ എന്നു വിളിച്ചേക്കാം! **public toilet** വൃത്തിയാക്കുന്നവൻ എന്നു പറഞ്ഞേക്കാം! അനാഥനെന്നു പറഞ്ഞേക്കാം! പക്ഷേ, ഒരു ദിവസം ഞാൻ ഈ വേദപുസ്തകം കൈയിലെടുത്ത് എല്ലാ സ്ഥലങ്ങളിലും പോയി 'കർത്താവാണ് ദൈവം' എന്ന് തെളിയിക്കുന്ന ദൈവശുശ്രൂഷകനായി മാറണം" എന്ന് 6 വർഷം പ്രാർത്ഥിച്ചു. ആ സമയത്ത് "ഉമക്കാക താനേ ഉയിർ വാഴ്കിറേൻ, ഉമ്മൈ താനേ നേസിക്കിറേൻ" എന്ന ഗാനം ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് പാടി ആരാധിക്കും.

## ക്രിസ്തുവിനുവേണ്ടി ഇത്രയേറെ കഷ്ടതകൾ സഹിച്ചു, toilet കഴുകി, +2 പഠിച്ച് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം നിങ്ങൾ ജോലിക്ക് ശ്രമിച്ചോ?

കർത്താവിന്റെ കൃപയാൽ ഞാൻ മെക്കാനിക്കൽ എഞ്ചിനീയറിങ് പഠനം പൂർത്തിയാക്കി. നല്ല ശമ്പളത്തിൽ എനിക്ക് നല്ലൊരു ജോലി ലഭിച്ചു. എന്റെ കുടുംബം എന്നെ സ്വീകരിച്ചു. എന്റെ വരുമാനം കുടുംബത്തിന്റെ നിലവാരം ഉയർത്തി. ആ സമയത്ത് എന്റെ രക്ഷകൻ എന്റെ അടുക്കൽ വന്ന് **"നിന്റെ കുടുംബത്തിനുവേണ്ടി ജീവിക്കാനല്ല ഞാൻ നിന്നെ തിരഞ്ഞെടുത്തത്! എന്റെ ശുശ്രൂഷ ചെയ്യാൻ എനിക്ക് നിന്നെ ആവശ്യമുണ്ട്"** എന്ന് എന്നോട് സംസാരിച്ചു. അന്നുതന്നെ ജോലി ഉപേക്ഷിച്ചു, "കർത്താവേ, ഞാൻ ബൈബിൾ കോളേജിൽ പഠിച്ചിട്ടില്ല, എനിക്കുവേണ്ടി പ്രാർത്ഥിക്കാനും ആരുമില്ല, എങ്ങനെയാണ് പ്രസംഗിക്കേണ്ടത്? എങ്ങനെയാണ് ശുശ്രൂഷ ചെയ്യേണ്ടത്? എന്നതിനെക്കുറിച്ച് യാതൊന്നും എനിക്കറിയില്ല. അങ്ങ് എന്നെ തിരഞ്ഞെടുത്തു, അങ്ങേയ്ക്കായി ഞാൻ എന്തു ചെയ്യണം" എന്ന് ചോദിച്ചു.

## യേശു നിങ്ങളോട് സംസാരിച്ചതിനുശേഷമാണോ ശുശ്രൂഷയിലേക്ക് വന്നത്? അതിനുശേഷം നിങ്ങളുടെ ആത്മീയ ജീവിതം എങ്ങനെയായിരുന്നു?



അതിനുശേഷം ഒരു തീരുമാനമെടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. അങ്ങയെ സന്ദർക്കുന്നതുവരെ ഭക്ഷണം കഴിക്കില്ല, സംസാരിക്കില്ല, ആരെയും കാണുകയുമില്ല, കാണുന്നുവെങ്കിൽ അങ്ങയെ കാണണം, കേൾക്കുന്നെങ്കിൽ അങ്ങയുടെ ശബ്ദം മാത്രമേ കേൾക്കുകയുള്ളൂ. അതുവരെ ഞാൻ കാത്തിരിക്കും എന്നു പറഞ്ഞ് മുറിയിൽ പ്രാർത്ഥിക്കാൻ തുടങ്ങി. ഒരു ദിവസം, 2 ദിവസം, 3 ദിവസം, 5 ദിവസം, 21 ദിവസം, 40 ദിവസങ്ങൾ കാത്തിരുന്നിട്ടും യേശു വന്നില്ല. ഒരു മനുഷ്യനെയും കാണാതെ രാവും പകലും കാത്തിരുന്നു. 97-ാം ദിവസം രാത്രി അടച്ചിട്ട




മുറിയിൽ സർവ്വശക്തനായ കർത്താവ് വെളിച്ചമായി ഇറങ്ങിവന്നു. ആ പ്രകാശത്തിൽ നിന്ന് "നീ ആഗ്രഹിക്കുന്നത് എന്നോട് ചോദിക്കൂ" എന്ന ഒരു ശബ്ദം കേട്ടു. എനിക്ക് ശക്തിയും വരങ്ങളും വേണമെന്ന് ഞാൻ പറയാൻ തുടങ്ങിയപ്പോൾ, "ആത്മാക്കളെ നേടണം" എന്ന് ചോദിക്കുവാൻ പരിശുദ്ധാത്മാവ് അരുളിച്ചെയ്തു. ഉടനെ കർത്താവേ ഞാൻ മരിക്കുന്നതിന് മുമ്പ്, ഒരു കോടി ആത്മാക്കളെ വേണമെന്ന് ചോദിച്ചു. 97-ാമത്തെ ദിവസം മുതൽ രാവും പകലും 3 ദിവസം കർത്താവ് എന്നോട് സംസാരിച്ചു. 2018 ഒക്ടോബർ 21ന് കർത്താവ് എന്നെ മുഴുവൻ സമയ ശുശ്രൂഷകനായി നിയോഗിച്ചു. ഇതുവരെ കർത്താവ് എന്നെ കൃപയാൽ നടത്തിവരുന്നു.

**എനിക്ക് ഒരു കോടി ആത്മാക്കളെ വേണം**

## എന്തൊരു ഭാഗ്യം, കർത്താവ് തന്നെ നിങ്ങളെ നിയോഗിച്ച് അയച്ചതാണ്... ഇപ്പോൾ എങ്ങനെയുള്ള ശുശ്രൂഷയാണ് ചെയ്യുന്നത്?

ഏത് പിശാചിനെ കണ്ട് ഭയന്ന് ആത്മഹത്യ ചെയ്യുവാൻ പോയോ, ആ പിശാചിനെ പുറത്താക്കുവാൻ അധികാരം നൽകി ദേശം മുഴുവനും പ്രയോജനപ്പെടുത്തിവരുന്നു. സഭകളെ ശക്തിപ്പെടുത്താനും, ഉയിർപ്പിക്കുവാനും ഉപയോഗിക്കുന്നു. 2018 ഒക്ടോബർ 21ന് കർത്താവ് എന്നോട് അരുളിചെയ്ത പ്രധാന കാര്യം: (ദിണ്ടിഗൽ ജില്ല ഞാൻ നിനക്ക് നൽകും, നിന്റെ പ്രകാശം അന്വേഷിച്ച് രാജാക്കന്മാർ വരും എന്നതായിരുന്നു). ഇവിടെ ശുശ്രൂഷ ചെയ്യുന്നതിൽ നിന്ന് ഞങ്ങളെ തടയാൻ നിരവധി ശത്രുക്കൾ ഉയർന്നു വന്ന് നിരവധി തടസ്സങ്ങൾ കൊണ്ടുവന്നെങ്കിലും ഒരു പള്ളി പണിയാൻ കർത്താവ് ഞങ്ങളെ സഹായിച്ചു. ഇനിയും നിരവധി പള്ളികൾ പണിയുവാനായി പ്രാർത്ഥിക്കുവിൻ.... കർത്താവിനുവേണ്ടി എന്തും നേടണം എന്ന തീക്ഷ്ണത അനുദിനം വളർന്നുകൊണ്ടിരിക്കുന്നു.



## ഇന്നത്തെ യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

യോഹന്നാൻ 9:1-3 വചനപ്രകാരം" അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായൊരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോട്: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ, ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. അതിന് യേശു: അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ" ഇങ്ങനെ ദൈവത്തിന്റെ പദ്ധതിപ്രകാരം നിങ്ങൾ ജനിച്ചിരിക്കുന്നു. ഒരു ജനതയെ രക്ഷിക്കാൻ കർത്താവ് എസ്ഥേറിനെ രാജ്ഞിയാക്കി. അവളെ പ്രശസ്തയാക്കാനല്ല. അതുപോലെ യൗവനക്കാരായ നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് കർത്താവിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യുവിൻ. കഷ്ടതകൾ സഹിക്കുവിൻ, വചനത്തിൽ സന്തുഷ്ടരായിരിക്കുവിൻ, പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുവിൻ. നമുക്കുള്ള ഒരു ജീവിതം ക്രിസ്തുവിനുവേണ്ടി ജീവിക്കാം! ദേശത്തെ അവകാശമാക്കാം!

**പ്രിയപ്പെട്ട യൗവനക്കാരെ! യേശുവിനെ അറിയാത്ത വളരെ ഭക്തിയുള്ള കുടുംബത്തിൽ ജനിച്ച മുരുകനെ യേശു അന്വേഷിച്ച് കണ്ടെത്തി രക്ഷിച്ച് ജൂഡ ബെന്നിഹിൻ ആക്കി മാറ്റി. ഇന്ന് ഓസൂർ ദേശത്ത് യേശുവാണ് കർത്താവ് എന്ന ശുശ്രൂഷ നൽകി അദ്ദേഹത്തെ സാക്ഷിയായി ഉപയോഗിക്കുന്നു. എത്രയേറെ കഷ്ടതകളും, വേദനകളും, മുറിവുകളും, അവഗണനയും വന്നപ്പോഴും അദ്ദേഹം യേശുവിനെ ഉപേക്ഷിച്ചില്ല. മറിച്ച് അവൻ യേശുവിനോട് തീക്ഷ്ണയുള്ളവനായിരുന്നു. ഒരു കോടി ആത്മാക്കൾ എന്ന ദർശനം നൽകി, ശക്തിയും വരങ്ങളും നൽകി കർത്താവ് വഴിനടത്തുന്നു. നിങ്ങൾ കർത്താവിനോട് തീക്ഷ്ണതയുള്ളവരാകുമ്പോൾ, കർത്താവും നിങ്ങൾക്കുവേണ്ടി തീക്ഷ്ണതയുള്ളവനായിരിക്കും.**

# ഞാൻ ഒരു പ്രാർത്ഥന നായകൻ





പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ, കഴിഞ്ഞ 6 മാസമായി ഞാൻ ഒരു പ്രാർത്ഥന നായകൻ എന്ന തലക്കെട്ടിൽ, മധ്യസ്ഥ പ്രാർത്ഥന, യാചന പ്രാർത്ഥന, കണ്ണുനീർ പ്രാർത്ഥന, ഉപവാസ പ്രാർത്ഥന, പോരാട്ട പ്രാർത്ഥന എന്നിങ്ങനെ വിവിധതരം പ്രാർത്ഥനകൾ നാം പരിശോധിച്ചു. ഈ മാസം ഏലീയാവ് എങ്ങനെ വിജയിച്ചു , എന്തിനുവേണ്ടിയാണ് അദ്ദേഹം പ്രാർത്ഥിച്ചതെന്നും അദ്ദേഹത്തിന്റെ ശക്തമായ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചോ എന്നും നാം കാണുവാൻ പോകുന്നു.

### ശക്തമായ പ്രാർത്ഥന

ഏലീയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു, മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു, മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല (യാക്കോബ് 5:17). പ്രവാചകനായ ഏലീയാവ് നമ്മെപ്പോലെ ഒരു സാധാരണ മനുഷ്യനായിരുന്നെങ്കിലും, അദ്ദേഹം പ്രാർത്ഥിച്ചപ്പോൾ മൂന്ന് വർഷവും ആറ് മാസവും ഭൂമിയിൽ മഴ പെയ്തില്ലെന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു.

ഏലീയാവ് ദീർഘനേരം പ്രാർത്ഥിച്ചില്ല. അദ്ദേഹത്തിന്റെ പ്രാർത്ഥന ഹ്രസ്വമായിരുന്നു. പക്ഷേ അത് അർത്ഥവത്തായിരുന്നു. കർത്താവ് പ്രാർത്ഥന കേട്ടു, ഉത്തരം നൽകി.

"... യിസ്രായേലിൽ നീ ദൈവമെന്നും ഞാൻ നിന്റെ ദാസനെന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടുവരട്ടെ" (1രാജാ. 18:36).

ബാലിന്റെ നാന്നൂറ്റമ്പത് പ്രവാചകന്മാരുടെ മുമ്പാകെ ഏകനായി നിന്ന ഏലീയാ പ്രവാചകൻ, "യഹോവയാണ് ദൈവം" എന്ന് തെളിയിക്കാൻ ഒരു ചെറിയ പ്രാർത്ഥന നടത്തി. പക്ഷേ അത് അർത്ഥവത്തായ ഒരു പ്രാർത്ഥനയായിരുന്നു. അദ്ദേഹം പ്രാർത്ഥന അവസാനിപ്പിച്ചയുടനെ, യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു (1 രാജാ. 18:38) എന്ന് വായിക്കുന്നു. നമ്മുടെ പ്രാർത്ഥന ഹ്രസ്വമായിരുന്നാലും അർത്ഥവത്തായിരിക്കണം. നാം ദീർഘമായി പ്രാർത്ഥിക്കേണ്ടതില്ല. അതിനർത്ഥം നാം എല്ലായിപ്പോഴും ഹ്രസ്വമായിരിക്കണമെന്ന് അർത്ഥമാക്കുന്നില്ല. ഹ്രസ്വവും അർത്ഥവത്തും വിശ്വാസത്തോടും, ദൈവത്തിലുള്ള വിശ്വാസത്തോടുംകൂടെ പ്രാർത്ഥിക്കുമ്പോൾ കർത്താവിൽ നിന്ന് തീർച്ചയായും ഉത്തരം ലഭിക്കും.

ഒരു പ്രവാചകനായിരുന്നിട്ടും ഏലീയാവ് കഷ്ടപ്പാടിന്റെയും, ക്ഷാമത്തിന്റെ പാതയിലൂടെ കടന്നുപോയി. "മതി കർത്താവേ, എന്റെ ജീവൻ എടുത്തുകൊള്ളേണമേ" എന്ന് പറയുന്ന ഘട്ടത്തിലേക്ക് അദ്ദേഹം തള്ളിവിടപ്പെട്ടു. ഇത്രയധികം ഈസേബെലിൽ നിന്ന് ഏലീയാവിന് ഭയപ്പാടുണ്ടായതിന് കാരണം അദ്ദേഹം നമ്മെപ്പോലെയുള്ള ഒരു മനുഷ്യനായിരുന്നിട്ടും, കർത്താവ് ഏലീയാവിനെ കൈവിട്ടില്ല. ഏലിയാവും ദൈവത്തെ കൈവിട്ടില്ല എന്നതാണ്.

ഏലീയാവ് വിശ്വാസമുള്ള ഒരു മനുഷ്യനായിരുന്നു: അദ്ദേഹം വിശ്വാസത്തോടെ മരിച്ചുപോയ കുഞ്ഞിനെ ഉയിർപ്പിച്ചു.

ഏലീയാവ് അനുസരണയുള്ളവനായിരുന്നു: ക്ഷാമം വന്നപ്പോൾ നദിക്കരയിൽ പോയി താമസിക്കാൻ കർത്താവ് പറഞ്ഞപ്പോൾ അദ്ദേഹം അനുസരിച്ചു. വിധവയുടെ വീട്ടിൽ പോയി താമസിക്കാൻ പറഞ്ഞപ്പോൾ അതും അനുസരിച്ചു.

ഏലീയാവ് ധൈര്യശാലിയായിരുന്നു: ബാൽ ദൈവമാണെങ്കിൽ ബാലിനെ സേവിക്കുവിൻ, യഹോവ ദൈവമാണെങ്കിൽ യഹോവയെ സേവിക്കുവിൻ എന്ന് ജനങ്ങൾക്കും ആഹാബ് രാജാവിനും മുമ്പാകെ പ്രഖ്യാപിച്ചു.

ഏലീയാവ് ഏറ്റവും വലിയ പ്രാർത്ഥനാ വീരൻ: മഴ പെയ്യരുതെന്നും, മഴ പെയ്യണമെന്നും അദ്ദേഹം പ്രാർത്ഥിച്ചു. കർത്താവ് അദ്ദേഹത്തിന്റെ പ്രാർത്ഥന കേട്ടു. ഏലീയാവ് സ്വർഗ്ഗത്തിൽ നിന്ന് തീ ഇറക്കിയവനും, നിരവധി അത്ഭുതങ്ങൾ ചെയ്തവനും, ആത്മാവിന്റെ അഭിഷേകത്താൽ നിറഞ്ഞ് ബാലിന്റെ പ്രവാചകന്മാരെ നശിപ്പിച്ച് രാജാവിനെതിരെ എഴുന്നേൽക്കാൻ മടിക്കാത്തവനും ഏറ്റവും വലിയ പ്രവാചകൻ എന്ന് വിളിക്കപ്പെട്ടവനും ആയിരുന്നു.

### ഏലീയാവ് പ്രാർത്ഥിച്ച അഞ്ച് പ്രാർത്ഥനകൾ:

ഇസ്രായേല്യർ ബാലിനെ ആരാധിച്ചപ്പോൾ, മഴയില്ലാത്ത ഒരു ദേശത്തിനായി ഏലീയാവ് പ്രാർത്ഥിച്ചു. ദൈവം ഉത്തരം നൽകി (യാക്കോബ് 5:7)

മഴയില്ലാത്തതിനാൽ ക്ഷാമം ഉണ്ടായി. ക്ഷാമകാലത്ത് തന്നെ സഹായിച്ച സാരെഫാത്തിലെ വിധവയുടെ മകൻ മരിച്ചപ്പോൾ, കുഞ്ഞിനെ വീണ്ടും ജീവിപ്പിക്കാൻ ഏലീയാവ് മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചു. കർത്താവ് പ്രാണൻ നൽകി. (1 രാജാ. 17 21-22)

യഹോവയാണോ ബാലാണോ ദൈവം എന്ന സാഹചര്യം സംജാതമായപ്പോൾ, യഹോവ തന്നെ ദൈവം എന്ന് ഇസ്രായേൽ ജനം അറിയേണ്ടതിന് ഏലീയാവ് പ്രാർത്ഥിച്ചു. ദൈവം തീയാൽ ഉത്തരം നൽകി. (1 രാജാ. 18:36-37)

ദേശത്ത് മഴ പെയ്യാൻ ഏലീയാവ് മുഴങ്കാലിൽ നിന്ന് ഏഴു പ്രാവശ്യം പ്രാർത്ഥിച്ചു. ദൈവം അങ്ങനെ ചെയ്തു ( 1 രാജാ. 18:42-45).

ഈസേബെൽ തന്നെ കൊല്ലാൻ ആളുകളെ അയച്ചപ്പോൾ ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ എന്നു ഏലീയാവ് പ്രാർത്ഥിച്ചു. ദൈവം ഏലീയാവിന് മറുപടി നൽകിയില്ല. കർത്താവ് അദ്ദേഹത്തിന്റെ ജീവൻ എടുത്തില്ല. പകരം കർത്താവ് അവനെ ജീവനോടെ സ്വർഗത്തിലേക്ക് കൊണ്ടുപോയി (1രാജാ. 19:4).

**പ്രിയപ്പെട്ട യൗവനക്കാരെ! ഏലീയാവിന്റെ അർത്ഥവത്തായ അഞ്ച് പ്രാർത്ഥനകൾക്കും കർത്താവ് ഉത്തരം നൽകി. ഏലീയാവിനെപ്പോലെ വലിയ കാര്യങ്ങൾ പ്രാപിക്കണമെന്ന ഉദ്ദേശ്യത്തോടെ നാം പ്രാർത്ഥിക്കുകയാണെങ്കിൽ, കർത്താവ് തീർച്ചയായും നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി നൽകും.**



# കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ

മിദ്യാന്യർ ഇസ്രായേല്യരെ വളരെയധികം പീഡിപ്പിച്ചിരുന്ന നാളുകളിലാണ് ഗിദയോൻ ജീവിച്ചിരുന്നത്. മിദ്യാന്യർ നിമിത്തം ഇസ്രായേല്യർ യഹോവയോട് നിലവിളിച്ചു. മിദ്യാന്യരിൽ നിന്ന് യിസ്രായേല്യരെ വിടുവിക്കാൻ കർത്താവ് ഗിദയോനെ തിരഞ്ഞെടുത്തു. "... അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ട്" (ന്യായാ.6:12) എന്ന് അരുളിച്ചെയ്തുകൊണ്ട് കർത്താവ് തന്റെ ദൂതനെ ഗിദയോന്റെ അടുക്കൽ അയച്ചു. കർത്താവിന്റെ ദൂതൻ ഗിദയോനോട് തന്റെ പിതാവിന്റെ യാഗപീഠം ഇടിച്ചുകളയാനും യഹോവയ്ക്ക് ഒരു യാഗപീഠം പണിയാനും അവിടെ ഒരു ഹോമയാഗം അർപ്പിക്കാനും പറഞ്ഞപ്പോൾ, കർത്താവ് തന്നോട് അരുളിച്ചെയ്തതുപോലെ ഗിദയോൻ പണിതു. എന്നാൽ അവൻ പകൽ സമയത്ത് അത് ചെയ്തില്ല. കാരണം അവൻ തന്റെ പിതാവിന്റെ കുടുംബത്തെയും പട്ടണക്കാരെയും ഭയപ്പെട്ടിരുന്നു. തന്റെ പിതാവിന്റെ ബലിപീഠത്തെ തകർക്കാൻ ഭയപ്പെട്ടിരുന്ന ഗിദയോനോട് വെട്ടുക്കിളിയെപ്പോലെ വ്യാപിച്ചുകിടക്കുന്ന മിദ്യാന്യരെ പരാജയപ്പെടുത്താൻ കർത്താവ് പറയുന്നു.


ഗിദയോൻ ഒരു ഭീരുവായിരുന്നു. അവന്റെ ഭീരുത്വം മനസ്സിലാക്കിയ കർത്താവ്, ഇറങ്ങിച്ചെല്ലുവാൻ നിനക്കു പേടിയുണ്ടെങ്കിൽ നീയും നിന്റെ ബാല്യക്കാരനായ പൂരയുംകൂടെ പാളയത്തിലേക്ക് ഇറങ്ങിച്ചെല്ലുക. എന്നാൽ അവർ സംസാരിക്കുന്നത് എന്തെന്നു നീ കേൾക്കും; അപ്പോൾ നിനക്കു ധൈര്യം വരും (ന്യായാ. 7:9-15) എന്നു അരുളിച്ചെയ്തു. ഭീരുവും വിശ്വാസത്തിൽ ദുർബലനുമായിരുന്ന ഗിദയോനെ കർത്താവ് തിരഞ്ഞെടുത്തു, വിശ്വാസത്തിൽ ശക്തിപ്പെടുത്തി, പരാക്രമശാലിയാക്കി മാറ്റി. അങ്ങനെ കർത്താവിന്റെ സഹായത്തോടെ വെട്ടുക്കിളികൾ പോലെയും, കടൽക്കരയിലെ മണൽപോലെയും വ്യാപിച്ചിരുന്ന മിദ്യാന്യരെ ഗിദയോൻ എളുപ്പത്തിൽ പരാജയപ്പെടുത്തി. ഭീരുവായിരുന്ന ഗിദയോനിലൂടെ കർത്താവ് വലിയ രക്ഷ കൽപ്പിച്ചു. അമ്മോന്യർ, മിദ്യാന്യർ, അമാലേക്യർ, കിഴക്കൻ ജനത എന്നിവരെ ചിതറിച്ച്, ശത്രുക്കളെ പരാജയപ്പെടുത്തി തന്റെ ദേശത്തെ രക്ഷയിലേക്ക് കൊണ്ടുവന്നു. കർത്താവ് നിങ്ങളിലൂടെയും പ്രവർത്തിക്കണമെങ്കിൽ, നിങ്ങൾ സ്വയം സമർപ്പിക്കുമ്പോൾ, കർത്താവ് നിങ്ങളിലൂടെ അത് നിറവേറ്റും.





# കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ....

## കാര്യം സാധ്യമാകും



യഹോവ യോസേഫിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി, മിസ്രയീമ്യനായ യജമാനന്റെ വീട്ടിൽ പാർത്തു. യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു (ഉൽപത്തി 39:2,3). തന്റെ ജോലിയിലും, തന്റെ വിശുദ്ധിക്കെതിരെ വെല്ലുവിളി നേരിട്ട സമയങ്ങളിലും, കഷ്ടതകൾ നേരിട്ടപ്പോഴും, ഉയർന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിനുശേഷവും എല്ലായ്പ്പോഴും കർത്താവ് തന്നോടൊപ്പമുണ്ടെന്ന് യോസേഫിന് അറിയാമായിരുന്നു. കർത്താവിനെ മുറുകെ പിടിച്ചിരുന്നതുകൊണ്ട് അവൻ കാര്യസാധ്യമുള്ളവനായി മാറി. നിങ്ങളുടെ കുടുംബത്തിൽ, ബിസിനസ്സിൽ, വിദ്യാഭ്യാസത്തിൽ നിങ്ങൾ ചെയ്യുന്നതെല്ലാം കർത്താവ് സാധ്യമാക്കിത്തരണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കണം. അപ്പോൾ നിങ്ങളും ഈ കാര്യങ്ങളെല്ലാം സാധിക്കുന്നവരായി മാറും.

## ബുദ്ധിമാനായി മാറും



ദാവീദ് തന്റെ എല്ലാ വഴികളിലും വിവേകത്തോടെ നടന്നു; യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു. അവൻ ഏറ്റവും വിവേകത്തോടെ നടക്കുന്നു എന്നു ശൗൽ കണ്ടിട്ട് അവങ്കൽ ആശങ്കിതനായിത്തീർന്നു (1ശമു. 18:14,15). മല്ലനായ ഗൊല്യാത്തിനെ നേരിട്ടപ്പോൾ, ദാവീദ് ഒരു കവിണയും കല്ലും മാത്രം ഉപയോഗിച്ച് തന്റെ ബുദ്ധിയിലൂടെ വിജയം കൈവരിച്ചു. ശൗൽ രാജാവിലൂടെ ദാവീദ് അപകടത്തിലായപ്പോഴും, ദാവീദ് ബുദ്ധിപൂർവ്വം പ്രവർത്തിച്ചു സ്വയം രക്ഷപ്പെട്ടു. ഇസ്രായേൽ രാജ്യം ഭരിച്ചപ്പോഴും ദാവീദ് ബുദ്ധിപൂർവ്വം പ്രവർത്തിച്ച് രാജ്യത്തെ പുരോഗതിയിലേക്ക് നയിച്ചു. നിങ്ങൾ പഠിക്കുകയാണെങ്കിൽ, അതിനാവശ്യമായ ജ്ഞാനം കർത്താവ് നിങ്ങൾക്ക് നൽകും. നിങ്ങൾ ബിസിനസ്സ് ചെയ്യുകയാണെങ്കിൽ ബുദ്ധിപൂർവ്വം പ്രവർത്തിക്കാനും കാര്യങ്ങൾ ചെയ്യാനും കർത്താവ് നിങ്ങൾക്ക് ജ്ഞാനം നൽകും. നിങ്ങൾ ജോലി ചെയ്യുകയാണെങ്കിൽ ജോലിസ്ഥലത്ത് ബുദ്ധിപൂർവ്വം പ്രവർത്തിക്കാനും വിജയം നേടാനും കർത്താവ് നിങ്ങളെ സഹായിക്കും. യേശു നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ നിങ്ങളുടെ ജ്ഞാനവും, അറിവും, ബുദ്ധിയും വളരെയധികം വർദ്ധിക്കും. എല്ലാ കാര്യങ്ങളും ബുദ്ധിപൂർവ്വം ചെയ്തതുകൊണ്ട് ദാവീദ് വിജയം കൈവരിച്ചു.

## മഹത്വം ഉണ്ടാകും



കർത്താവ് യോശുവയോട്: ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും എന്ന് യിസ്രായേൽ എല്ലാം അറിയേണ്ടതിന് ഞാൻ ഇന്ന് അവർ കാൺകെ നിന്നെ വലിയവനാക്കുവാൻ തുടങ്ങും (യോശുവ3:7) എന്ന് അരുളിച്ചെയ്തു. നിങ്ങൾ കർത്താവിന്റെ കല്പനകളും വചനവും യഥാർത്ഥമായി ശ്രദ്ധിക്കുകയും അനുസരിക്കാൻ പ്രതിജ്ഞാബദ്ധരാകുകയും ചെയ്യുമ്പോൾ, കർത്താവ് തന്റെ വചനപ്രകാരം നിങ്ങളെ മാനിക്കും. ദൈവഭയത്തോടെ ചെയ്യുന്ന പ്രവൃത്തികളിൽ നിന്ന് ലഭിക്കുന്ന അംഗീകാരം മഹത്വമേറിയതാണ്. യോശുവ കർത്താവിനെ ഭയപ്പെട്ട്, കർത്താവിന്റെ വാക്കുകൾ ശ്രദ്ധിച്ച് വിശ്വസ്തതയോടും, സത്യസന്ധതയോടെയും പ്രവൃത്തിച്ചപ്പോൾ, കർത്താവ് അവനെ എല്ലാവരുടെയും മുന്നിൽ അംഗീകരിച്ചു. ഇസ്രായേൽ ജനതയുടെ കൺമുന്നിൽ അവനെ മാനിച്ചു. കർത്താവ് നിങ്ങളോടുകൂടെയുണ്ടെങ്കിൽ, നിങ്ങളെയും കർത്താവ് ഉയർത്തും. നിങ്ങളുടെ പഠനത്തിലും, ജോലിയിലും, ബിസിനസ്സിലും നിങ്ങൾ മാനിക്കപ്പെടണമെങ്കിൽ, കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കണം. കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഉയർച്ച ലഭിക്കുകയുള്ളൂ.

**പ്രിയപ്പെട്ട യൗവനക്കാരെ! ഭീരുവും, വിശ്വാസത്തിൽ ദുർബലനുമായിരുന്ന ഗിദയോനോടൊപ്പം കർത്താവ് ഉണ്ടായിരുന്നതുകൊണ്ട്, ഒരു വലിയ സൈന്യത്തെ പരാജയപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ന് കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ, അലറുന്ന സിംഹത്തെപ്പോലും പരാജയപ്പെടുത്താൻ കർത്താവ് നിങ്ങൾക്ക് ശക്തി നൽകും! അതിനായി നിങ്ങൾ സ്വയം സമർപ്പിക്കണം. എത്ര വലിയ പ്രശ്നം നേരിട്ടാലും കർത്താവിനെ ഉപേക്ഷിക്കരുത്. കർത്താവ് നിങ്ങളോടുകൂടെ ഉണ്ടെങ്കിൽ കാര്യങ്ങൾ സാധ്യമാകും, ബുദ്ധിപൂർവ്വം പ്രവർത്തിക്കാൻ കഴിയും. യോശുവയെപ്പോലെ മഹാനാകുവാൻ സാധിക്കും.**

# സൗഹൃദത്തിൽ നേരിട്ട പരീക്ഷണം




സഹോദരാ എനിക്ക് 28 വയസ്സായി. എനിക്ക് 3 സ്നേഹിതരുണ്ട്. ഞങ്ങൾ സ്കൂളിലും കോളേജിലും ഒരുമിച്ച് പഠിച്ചു. എന്റെ മാതാപിതാക്കളും അവരെ സ്വന്തം മക്കളെപ്പോലെയാണ് കാണുന്നത്. എന്റെ സഹോദരി കാഞ്ചന ബി. ഇ. അവസാന വർഷം പഠിക്കുന്നു. ഗ്രൂപ്പ് 2 പരീക്ഷ എഴുതി ഒരു സർക്കാർ ജോലി നേടുക എന്നതാണ് അവളുടെ ലക്ഷ്യം. എന്റെ അടുത്ത സ്നേഹിതനായ കാർത്തിക് എന്റെ അനുജത്തിയുമായി 2 വർഷമായി പ്രണയത്തിലാണെന്ന് എന്നോട് പറഞ്ഞു. ഇത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. എന്റെ മാതാപിതാക്കൾ അറിഞ്ഞാൽ കുടുംബത്തിൽ ഭൂകമ്പം ഉണ്ടാകും. അവർ അത് അംഗീകരിക്കില്ല. അതുമാത്രമല്ല, ഞങ്ങളുടെ സൗഹൃദം തകരാനുള്ള സാധ്യതയുമുണ്ട്. എന്തുചെയ്യണമെന്ന് എനിക്കറിയില്ല. കുടുംബത്തിലെ ബുദ്ധിമുട്ട് നിമിത്തം വിദേശത്ത് പോയി പണം സമ്പാദിച്ച് കടം വീട്ടാനുള്ള ഉത്തരവാദിത്തം കാർത്തിക്കിനുണ്ട്. ഇപ്പോൾ അവൻ വിദേശത്ത് ജോലി നേടാൻ ശ്രമിക്കുകയാണ്. ഒരു പ്രശ്നം ഉണ്ടായാൽ അവന് വിദേശത്തെ ജോലിസാധ്യത ബാധിക്കപ്പെടുമോ?

എന്റെ സഹോദരി അവസാന വർഷം പരീക്ഷ എഴുതിയിരിക്കുന്നു. അവളുടെ വിദ്യാഭ്യാസം ബാധിക്കപ്പെടുമോ? എന്റെ മാതാപിതാക്കളുടെ അവസ്ഥ! ഞങ്ങളുടെ സൗഹൃദത്തിന് എന്ത് സംഭവിക്കും? ഇതൊക്കെ ആലോചിച്ച് മൂന്ന് മാസമായി ഞാൻ വിഷാദാവസ്ഥയിലാണ്. എന്തുചെയ്യണമെന്ന് എനിക്കറിയില്ല! - മദൻ, ചെങ്കൽപട്ട്.

പ്രിയപ്പെട്ട സഹോദരാ, നിങ്ങളുടെ ഹൃദയത്തിലെ വേദന എനിക്ക് നന്നായി മനസ്സിലാകുന്നു. ഒരു വശത്ത് നിങ്ങളുടെ സഹോദരിയുടെ പഠനവും ജീവിതവും മറുവശത്ത് നിങ്ങളുടെ അടുത്ത സ്നേഹിതന്റെ ജോലി സാധ്യത ബാധിക്കപ്പെടുമോ എന്ന ഭയം, മാതാപിതാക്കൾ അറിഞ്ഞാൽ ഉണ്ടാകുന്ന അനന്തരഫലം, വർഷങ്ങളായി നിങ്ങൾക്കുള്ള സൗഹൃദം എന്താകും.

ഇത്തരം നിരവധി മാനസിക സംഘർഷങ്ങളുമായി പല മാസങ്ങളായി നിങ്ങൾ കഷ്ടപ്പെടുന്നുവെന്ന് മനസ്സിലാകുന്നു. മദൻ, ഒന്നാമതായി, ഭയപ്പെടാതെ പരിഭ്രാന്തരാകാതെ ഈ പ്രശ്നം ശാന്തമായി കൈകാര്യം ചെയ്യാൻ ശ്രമിക്കുവിൻ. മുള്ളിൽ വീഴ്ന്ന വസ്ത്രത്തെ പതുക്കെ എടുക്കണം. മുള്ള് നിങ്ങളുടെ കൈയിൽ കുത്തി ബാധിക്കപ്പെടാൻ പാടില്ല. ശ്രദ്ധയോടെ പ്രവർത്തിച്ചാൽ അത് നമ്മെ ബാധിക്കുകയില്ല. വസ്ത്രം കീറുകയുമില്ല.

ആദ്യം കാർത്തികിന്റെ സ്വപ്നം, ഉത്തരവാദിത്തം, കടമ, ഇപ്പോൾ അവൻ എന്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതിനെക്കുറിച്ച് നിങ്ങളുടെ സ്നേഹിതനോട് സംസാരിക്കുവിൻ. ഈ പ്രണയം തുടർന്നാൽ എന്തൊക്കെ പ്രശ്നങ്ങളും വെല്ലുവിളികളും ഉണ്ടാകുമെന്ന് അവന് മനസ്സിലാക്കി കൊടുക്കുക. പലരും പ്രണയത്തിൽ അകപ്പെടുമ്പോൾ അവർ തങ്ങളുടെ ഉയർന്ന ലക്ഷ്യവും, ജീവിതത്തിന്റെ **Ambition, Aim** എല്ലാം മറക്കുകയും, പ്രണയവും, പ്രണയിക്കുന്ന വ്യക്തിയുടെ മുഖവും മാത്രമേ കാണുകയുള്ളൂ. മറ്റൊരു കാര്യവും തിരിച്ചറിയുന്നില്ല. എന്തെന്നാൽ പ്രണയത്തിന് കണ്ണില്ല എന്ന് പറയാറുണ്ടല്ലോ. അതേ കാര്യം നിങ്ങളുടെ സഹോദരിയ്ക്കും മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കുവിൻ. നിങ്ങളുടെ സഹോദരിയുടെ **Ambition, Aim** എന്താണെന്ന് ചോദിക്കുവിൻ. ഈ പഠനത്തിലും പ്രണയത്തിലും ഒരേ സമയം ശ്രദ്ധ കേന്ദ്രീകരിച്ച്, ഗ്രൂപ്പ് -2 പരീക്ഷ എഴുതി സർക്കാർ ജോലി നേടുവാൻ കഴിയുമോ? ഏത് പിന്തുടരുന്നാൽ ഉന്നതിയിലെത്താൻ കഴിയും, ഏത് ഒഴിവാക്കിയാൽ യഥാസ്ഥാനത്തെത്താൻ കഴിയും എന്ന് വിശദമാക്കി കൊടുക്കുവിൻ.

## ഈ ദുഷ്കരമായ സാഹചര്യത്തിൽ നിന്ന് നിങ്ങളുടെ സ്നേഹിതനെയും സഹോദരിയെയും വിടുവിച്ച് സാധാരണ ജീവിതം നയിക്കാൻ സഹായിക്കുന്നതിനായി നിങ്ങൾക്ക് സ്വീകരിക്കാവുന്ന ചില മാർഗ്ഗങ്ങൾ....



### നിങ്ങളുടെ സഹോദരി

- ആദ്യമായി കാർത്തിക്കിനോട് സംസാരിക്കുന്നത് ഒഴിവാക്കണം.
- മൊബൈൽ ഫോൺ ബ്ലോക് ചെയ്യണം.
- സമൂഹ മാധ്യമങ്ങളിൽ സ്റ്റാറ്റസുകൾ പോസ്റ്റ് ചെയ്യുന്നതും, തങ്ങളുടെ വേദനയും വേർ പിരിയലും പ്രകടിപ്പിക്കുന്നതും ഒഴിവാക്കണം.
- ബി.ഇ. അവസാന വർഷ പഠനത്തിൽ പൂർണ്ണമായും ശ്രദ്ധകേന്ദ്രീകരിക്കണം.
- ഗ്രൂപ്പ് - 2 പരീക്ഷയ്ക്കായുള്ള തയാറെടുപ്പ് side by side ആയി ആരംഭിക്കണം.
- നാം ഒരു കാര്യത്തിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, മറ്റ് കാര്യങ്ങൾക്ക് നമുക്ക് സമയം ലഭിക്കുകയില്ല.



### നിങ്ങളുടെ സ്നേഹിതൻ

- കാർത്തിക് നിങ്ങളുടെ വീട്ടിലേക്ക് വരുന്നത് കുറച്ച് കാലത്തേക്ക് ഒഴിവാക്കണം.
- നിങ്ങളുടെ മൊബൈൽ ഫോണിൽ കാഞ്ചനയുടെ നമ്പർ ബ്ലോക് ചെയ്യണം.
- പൂർണ്ണ ഹൃദയത്തോടെ വിദേശ തൊഴിലവസരങ്ങൾക്കായുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രമിക്കണം.
- കുടുംബത്തിന്റെ കടഭാരങ്ങൾ പരിഹരിക്കുക എന്നതാണ് തന്റെ പ്രധാന ലക്ഷ്യമെന്ന് എപ്പോഴും ഓർമ്മിക്കണം.
- ഇച്ഛകൾക്ക് സ്ഥാനം നൽകുന്നതിന് പകരം യാഥാർത്ഥ്യം മനസ്സിലാക്കി ജീവിക്കാൻ ഉത്സാഹിക്കുവിൻ

ഏതൊരു ബന്ധത്തിൽ നിന്നും വേർപിരിയുന്നത് വേദനാജനകമാണ്. എന്നാൽ ആ ബന്ധം തുടരുന്നത് വേദനയ്ക്കൊപ്പം നിരവധി പ്രശ്നങ്ങളും കൊണ്ടുവരുമെന്ന് കാർത്തികും കാഞ്ചനയും തിരിച്ചറിയണം.

മദൻ, ഒരുപക്ഷേ നിങ്ങളുടെ ഉപദേശം കാർത്തികും കാഞ്ചനയും കേൾക്കാതിരുന്നാൽ എന്ത് സംഭവിക്കുമെന്ന് അവരോട് പറയുവിൻ. പല സാഹചര്യങ്ങളിലും ശരിയായ തീരുമാനങ്ങൾ എടുക്കാത്തതു നിമിത്തം ഉണ്ടാകുന്ന പ്രശ്നങ്ങളും, അനന്തരഫലങ്ങളും ആഘാതങ്ങളും വളരെ ഗുരുതരമാണെന്ന് അവരോട് വിശദീകരിക്കണം.

ഇന്നത്തെ യൗവനക്കാർ പ്രണയത്തിലാകുമ്പോൾ ഉണ്ടാകുന്ന അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. അവർ അതിനെക്കുറിച്ച് ഭാരപ്പെടുന്നില്ല. യാഥാർത്ഥ്യത്തെക്കാൾ ഇച്ഛകൾ ശക്തമായതിനാൽ അവർ ഒന്നിനെക്കുറിച്ചും ചിന്തിക്കുന്നില്ല.



## ഒരുപക്ഷേ അവർ രണ്ടുപേരും (K & K) ഈ ബന്ധം തുടർന്നാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ...

- നിങ്ങളുടെ സ്നേഹിതനായ കാർത്തിക്കിന്റെ തെറ്റായ പ്രവൃത്തിയിൽ നിങ്ങളുടെ മാതാപിതാക്കൾ അസ്വസ്ഥരാകുകയും അവനുമായുള്ള സൗഹൃദം അവസാനിപ്പിക്കാൻ നിങ്ങളോട് പറയുകയും ചെയ്യും.
- കാഞ്ചനയുടെ പഠനം ബാധിക്കപ്പെടാനും പാതിവഴിയിൽ നിർത്തേണ്ടിവരാനും സാധ്യതയുണ്ട്. ഗ്രൂപ്പ് - 2 എന്ന സ്വപ്നം ഓർമ്മിക്കാൻ സാധ്യതയില്ല.
- നിങ്ങളുടെ സഹോദരി കാഞ്ചന അനാവശ്യമായ വിഷാദത്തിലാകുവാൻ സാധ്യതയുണ്ട്.
- നിങ്ങളുടെ 3 സ്നേഹിതന്മാർക്കിടയിൽ അനാവശ്യ പ്രശ്നങ്ങളും വേർ പിരിയലുകളും ഉണ്ടാകും.



▸ ഈ പ്രശ്നത്തിനിടയിൽ കാർത്തിക് വിഷാദത്തിലാകാനും വിദേശത്ത് ജോലി ചെയ്യാൻ കഴിയാതാകുവാനും സാധ്യതയുണ്ട്. ഇതുനിമിത്തം അദ്ദേഹത്തിന്റെ സ്വപ്നങ്ങളും കടബാധ്യതയുള്ള ജീവിതവും ഒരു വലിയ ഭാരമായി മാറിയേക്കാം.

▸ മദൻ, നിങ്ങളുടെ സഹോദരി കാഞ്ചനയും സുഹൃത്ത് കാർത്തിക്കും നിങ്ങളുടെ ഉപദേശം അനുസരിച്ച് പഠനത്തിനും, വിദേശത്തിലെ ജോലി അന്വേഷണത്തിനും സ്വയം സമർപ്പിച്ചാൽ അവരുടെ ഭാവിയും സ്വപ്നവും ബാധിക്കപ്പെടില്ല.

▸ കോളേജിൽ പഠിക്കുമ്പോൾ, നിങ്ങളുടെ സഹോദരിക്ക് ഒരു ജീവിതപങ്കാളിയെ തീരുമാനിക്കാനുള്ള പക്വത ഉണ്ടായെന്നുവരില്ല. ഇത് ഒരുതരം ആകർഷണമാണ്. ഈ വൈകാരികതയെ അവർ ശരിയായി കൈകാര്യം ചെയ്താൽ പല പ്രശ്നങ്ങളും ഒഴിവാക്കാനാകും.

▸ നിങ്ങളുടെ സുഹൃത്ത് കാർത്തിക്കിനെ ആദ്യം വിദേശത്തേക്ക് പോയി അവന്റെ ഉത്തരവാദിത്തങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക.




▸ നിങ്ങളുടെ സഹോദരിയോട് പഠനത്തിലും സർക്കാർ ജോലി നേടണം എന്ന ഭാവി സ്വപ്നത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ പറയുവിൻ. അതേസമയം, നിങ്ങളുടെ മാതാപിതാക്കളോട് ഇത് പക്വതയോടെ പറയുകയും നിങ്ങളുടെ സഹോദരി ഈ ബന്ധത്തിൽ നിന്ന് പുറത്തുവന്ന് സാധാരണ ജീവിതം നയിക്കുവാൻ സഹായിക്കുന്ന രീതിയിൽ സ്നേഹം കാട്ടുവാൻ അവരോട് പറയുവിൻ. അനാവശ്യമായ വാക്കുകൾകൊണ്ട് വേദനിപ്പിക്കരുത്.




▸ നിങ്ങളുടെ സഹോദരിക്ക് കുറച്ച് മാസങ്ങൾ സമയം നൽകിയാൽ, അവൾക്ക് സ്വയമായി ഈ ചിന്തയിൽ നിന്നും ബന്ധത്തിൽ നിന്നും പുറത്തുവരാൻ കഴിഞ്ഞേക്കും. എന്തെന്നാൽ, അവൾ മാനസികമായി വളരെയധികം ബാധിക്കപ്പെട്ടിരിക്കും. ആ ചിന്തകൾ മറക്കുവാനും, വീണ്ടും പഠിക്കാനും മറ്റ് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അവൾക്ക് സമയം നൽകുക.

▸ നിങ്ങൾ നാലുപേരും ഒരുമിച്ച് പ്രവർത്തിച്ചാൽ, യാതൊരു പ്രത്യാഘാതങ്ങളുമില്ലാതെ ഈ പ്രശ്നം പരിഹരിക്കപ്പെടാൻ സാധ്യതയുണ്ട്.

▸ ക്ഷമയോടെ പ്രവർത്തിക്കുവിൻ, തിടുക്കം കൂട്ടരുത്. ഈ സാഹചര്യം ക്ഷമയോടെയും ബുദ്ധിപൂർവ്വവും കൈകാര്യം ചെയ്താൽ ഒരു ബന്ധത്തിനും തകർച്ച സംഭവിക്കില്ല.

▸ നിങ്ങളുടെ സഹോദരിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടും.

▸ നിങ്ങളുടെ സ്നേഹിതന്റെ ആഗ്രഹവും സഫലമാകും. വിദേശത്ത് പോകുന്നതിലൂടെ അവന്റെ കടബാധ്യതയും മാറും.

ALL THE BEST!



**"സ്നേഹിതൻ വരുത്തുന്ന മുറിവുകൾ വിശ്വസ്തതയുടെ ഫലം; ശത്രുവിന്റെ ചുംബനങ്ങളോ കണക്കിലധികം" (സദൃ. 27:6)**



# തുടക്കം ചെറുത്... വിജയം വലുത്



DELL

**പ്രിയപ്പെട്ട യുവ നേട്ടക്കാർക്ക് എന്റെ സ്നേഹാശംസകൾ! എളുപ്പത്തിൽ വിജയം നേടാനും വളരെ വേഗത്തിൽ ഒരു നേട്ടക്കാരനാകാനും കഴിയുന്നതിനെക്കുറിച്ച് നമ്മിൽ പലർക്കും ഒരു ധാരണയുണ്ട്. എന്നാൽ വിജയത്തിലേക്ക് അടുക്കാൻ ചില നിയമങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുണ്ട്. വളരെ കൃത്യമായ സ്വപ്നം, സ്ഥിരോത്സാഹത്തോടെയുള്ള അദ്ധ്വാനം, ഉറച്ച തീരുമാനങ്ങൾ, ജീവിതത്തിലെ സത്യസന്ധത എന്നീ നാല് ഗുണങ്ങൾ നാം പിന്തുടരുകയാണെങ്കിൽ, നമ്മൾ വിജയത്തിന് തടസ്സമാകില്ല. ഈ നാല് ഗുണങ്ങളിലൂടെ വിജയം കൈവരിച്ച ഒരു നേട്ടക്കാരന്റെ ജീവിതയാത്ര നിങ്ങൾക്കായി...**

1965ൽ അമേരിക്കയിലാണ് മൈക്കിൾ ഡെൽ ജനിച്ചത്.കുട്ടിക്കാലം മുതലേ കമ്പ്യൂട്ടറുകളോടുള്ള അദ്ദേഹത്തിന്റെ തീവ്രമായ താൽപര്യം അദ്ദേഹത്തെ വ്യത്യസ്തനാക്കാൻ തുടങ്ങി. 15-ാം വയസ്സിൽ, അദ്ദേഹം വാങ്ങിയ കമ്പ്യൂട്ടർ തുറന്ന് ഉൾഭാഗം പൊളിച്ചുമാറ്റി അതിന്റെ ഭാഗങ്ങൾ പരിശോധിച്ചു നോക്കി. തൽഫലമായി, കമ്പ്യൂട്ടറുകളോടുള്ള അദ്ദേഹത്തിന്റെ താൽപര്യം വർദ്ധിച്ചു. 19-ാം വയസ്സിൽ തന്റെ വീട്ടിലെ ചെറിയ മുറിയിൽ വെറും 1000 ഡോളർ മുതൽമുടക്കിൽ പിസി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചു. നിനക്ക് ഒരു ഡോക്ടറാകാം എന്ന് സ്നേഹിതർ പ്രേരിപ്പിച്ചെങ്കിലും, സ്വപ്നം സാക്ഷാത്കരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കമ്പ്യൂട്ടറുകൾ നേരിട്ട് ഉപഭോക്താവിന് എത്തിക്കുക എന്നതായിരുന്നു അദ്ദേഹം നിർമ്മിച്ച ബിസിനസ്സ് മോഡൽ. ഈ സംരംഭം Dell കമ്പനിയ്ക്ക് ആഗോളതലത്തിൽ വലിയ വിജയം നേടിക്കൊടുത്തു.

കൂടാതെ, ഉപഭോക്താവിന്റെ ആവശ്യാനുസരണം നിർമ്മിച്ച കമ്പ്യൂട്ടറുകൾ കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള സേവനം നൽകി.

ക്രമേണ പുരോഗമിച്ചുകൊണ്ടിരുന്ന മൈക്കിൾ ഡെൽ 1992ൽ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ CEO ആയി പ്രശസ്തനായി. അദ്ദേഹം ഒരു സംരംഭകൻ മാത്രമല്ല, ജനങ്ങളുടെ സാമൂഹിക ക്ഷേമത്തിൽ വളരെയധികം ശ്രദ്ധാലുവുമായി Michael and Susan Dell Foundation എന്ന പേരിൽ ലാഭേച്ഛയില്ലാത്ത ഒരു സംഘടന സ്ഥാപിച്ച് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനുമായി വിവിധ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. വർഷങ്ങളായി Forbes എന്ന ലോകത്തിലെ ഏറ്റവും ധനികരുടെ പട്ടികയിൽ മൈക്കിൾ ഡെൽ സ്ഥാനം പിടിച്ചുവരുന്നു.

**ഇത് വായിക്കുന്ന സ്നേഹിതരെ! മൈക്കിൾ ഡെൽ സ്വന്തം പരിശ്രമത്തിലൂടെയും അഭിനിവേശത്തിലൂടെയും ലോകോത്തര ഗുണനിരവാലമുള്ള ഒരു കമ്പനി സൃഷ്ടിച്ചു. അദ്ദേഹം കാണിച്ചുതന്ന പാത ഇന്ന് നമുക്ക് വലിയ പ്രചോദനമാണ്. സ്വപ്നം കണ്ടുകൊണ്ടിരിക്കുകയല്ല, കഠിനാധ്വാനത്തിലൂടെ ജീവിക്കണമെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.**

# നല്ല സ്നേഹിതൻ



**നമ്മുടെ എല്ലാവരുടെയും ജീവിതത്തിലും രക്തബന്ധം പരിഗണിക്കാത്ത ഒരു ഉദാത്തമായ ബന്ധമാണ് സൗഹൃദം. നല്ല സൗഹൃദത്തിന് പ്രായം ഒരു തടസ്സമല്ല. ഭാഷ, ജാതി, മതം എന്നിവ തടസ്സമല്ല. എല്ലാവരുടെയും ജീവിതത്തിൽ സൗഹൃദം വിലയേറിയതാണ്. പരസ്പരം നന്നായി മനസ്സിലാക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് സൗഹൃദം. നമ്മുടെ ദുഃഖങ്ങളും സന്തോഷവും പങ്കിടുന്നതിൽ സ്നേഹിതർക്ക് ഒരു പ്രധാന പങ്കുണ്ട്. ഒരു പൂവിനോട് ചേർന്ന നാരിനും സുഗന്ധമുള്ളതുപോലെ, ഒരു നല്ല സുഹൃത്തിനോടൊപ്പം ആയിരുന്നാൽ നമ്മുടെ ജീവിതവും സമ്പന്നമാകും.**

യേശു കഫർന്നഹൂമിലെ ഒരു വീട്ടിലുണ്ടെന്ന് കേട്ടപ്പോൾ, നാല് സുഹൃത്തുക്കൾ പക്ഷവാതം ബാധിച്ച തങ്ങളുടെ സ്നേഹിതനെ ചുമന്നുകൊണ്ട് യേശുവിന്റെ അടുക്കൽ വന്നു. **പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കിവച്ചു (മർക്കൊസ് 2:4).** ഈ പ്രവൃത്തി അവിടെയുണ്ടായിരുന്ന പലരെയും അത്ഭുതപ്പെടുത്തി. തങ്ങളുടെ സ്നേഹിതന്റെ ജീവിതം മാറണം എന്ന അവരുടെ കരുതലും വിശ്വാസവും കണ്ട് യേശു അവനെ സൗഖ്യമാക്കി.





നമ്മെക്കുറിച്ച് കരുതലുള്ള നല്ല സ്നേഹിതർ ഉണ്ടായിരിക്കുന്നത് നമുക്ക് വലിയ അനുഗ്രഹമാണ്. നല്ലവരായ നാല് സ്നേഹിതർ ഉണ്ടായിരുന്നതിനാൽ പക്ഷവാതരോഗിയുടെ ജീവതം മാറി. നിങ്ങളുടെ ചുറ്റുമുള്ള സ്നേഹിതർ നിങ്ങളോടും നിങ്ങളുടെ ജീവിതത്തോടും താൽപര്യമുള്ളവരാണെങ്കിൽ നിങ്ങളുടെ ജീവിതവും സമ്പന്നമാകും. അതിനാൽ സ്നേഹിതരെ തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. സ്നേഹിതരാൽ നമുക്ക് സഹായഹസ്തമാകുവാനും കഴിയും! നമ്മുടെ കാല് വാരുവാനും കഴിയും എന്ന് മനസ്സിലാക്കിയിരിക്കണം.

ഇന്ന് അനേകം യൗവനക്കാർ മാതാപിതാക്കളുടെ വാക്കുകൾ കേൾക്കുന്നതിനുപകരം, അവരുടെ സ്നേഹിതരുടെ വാക്കുകൾക്ക് വില നൽകി ജീവിതത്തെ നശിപ്പിക്കുകയും തെറ്റായ പാതയിലേക്ക് പോകുകയും ചെയ്യുന്നു. **വഞ്ചിക്കപ്പെടരുത്, ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു** (1 കൊരി. 15:33). ശലോമോൻ തന്റെ പിതാക്കന്മാരോടൊപ്പം നിദ്ര പ്രാപിച്ചതിനുശേഷം അവന്റെ മകൻ രെഹബെയാം അവന്റെ സ്ഥാനത്ത് രാജാവായി. അവൻ വൃദ്ധന്മാരുടെ ആലോചന കേട്ടില്ല. വൃദ്ധന്മാർ തന്നോടു പറഞ്ഞ ആലോചന അവൻ ത്യജിച്ചു, **തന്നോടുകൂടെ വളർന്നവരായി തന്റെ മുമ്പിൽ നില്ക്കുന്ന യൗവനക്കാരോട് ആലോചിച്ചു** (1 രാജാ. 12:8) തെറ്റായ തീരുമാനം എടുത്തതിനാൽ ഇസ്രായേൽ രാജ്യം രണ്ടായി പിളർക്കപ്പെട്ടു. തെറ്റായ സ്നേഹിതരുടെ ആലോചനയ്ക്ക് സ്ഥാനം നൽകിയാൽ നിങ്ങൾക്കായുള്ള കർത്താവിന്റെ പദ്ധതി പരാജയപ്പെടും.

ലോകോത്തര കായികതാരമായ ബെൻ ജോൺസന്റെ പല സ്വർണ്ണ മെഡലുകൾ പിൻവലിച്ചതും, രണ്ട് വർഷത്തേക്ക് വിലക്ക് ഏർപ്പെടുത്തിയതും തന്റെ സ്നേഹിതന്റെ തെറ്റായ ഉപദേശത്തിന് സ്ഥാനം നൽകി മയക്കുമരുന്ന് ഉപയോഗിച്ചതിനാലാണ്. 2 വർഷത്തിനുശേഷം മത്സരത്തിൽ തിരിച്ചെത്തിയ അദ്ദേഹം വീണ്ടും മയക്കുമരുന്ന് ഉപയോഗിച്ചതിനാൽ ആജീവനാന്തം വിലക്കേർപ്പെടുത്തുകയും, തന്റെ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തു. സ്നേഹിതന്റെ തെറ്റായ ഉപദേശം അദ്ദേഹത്തിന്റെ ജീവിതത്തെ പൂർണ്ണമായും മാറ്റി മറിച്ചു. അതിനാൽ ശരിയായ സ്നേഹിതരെ തിരഞ്ഞെടുത്ത് അവരോട് സംസാരിക്കുവാൻ പരിശീലിക്കുക. നിങ്ങളുടെ ജീവിതം മികച്ചതായിരിക്കും. സ്നേഹിക്കുകയും നന്നായി ഇടപഴകുകയും ചെയ്യുന്ന സ്നേഹിതർ പോലും ചിലപ്പോൾ ശത്രുക്കളായി മാറുന്നു. എന്നാൽ എപ്പോഴും നമ്മെ സ്നേഹിക്കുന്ന ഒരു നല്ല സ്നേഹിതനാണ് യേശു. നിങ്ങളെയും എന്നെയും സ്നേഹിച്ചതിനാൽ കർത്താവ് നമുക്ക് വേണ്ടി തന്റെ ജീവൻ നൽകി. **സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല** (യോഹന്നാൻ 15:13).

**പ്രിയ യൗവനക്കാരെ! നിങ്ങളുടെ ജീവിതത്തിലെ ദുഃഖത്തിലും സന്തോഷത്തിലും എപ്പോഴും നിങ്ങളോടൊപ്പമുണ്ടാകുന്ന ഒരേയൊരു നല്ല സ്നേഹിതൻ യേശുവാണ്. ലോകത്തിലെ സ്നേഹിതർ നിങ്ങളെ മറന്നാലും, യേശു ഒരിക്കലും നിങ്ങളെ മറക്കില്ല. ഈ ലോകത്തിൽ നിങ്ങൾക്ക് എത്ര സ്നേഹിതർ ഉണ്ടായിരുന്നാലും എന്നേക്കും നിങ്ങളെ സ്നേഹിക്കാൻ കഴിയുന്ന ഒരേയൊരു നല്ല സ്നേഹിതൻ യേശു മാത്രമാണ്!**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ, തേക്കുംമൂട്, കണ്ണമ്മൂല റോഡ്, തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State.

**Kottayam**
2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# അത്ഭുത വാർത്തകൾ

**Hi friends,**

**എല്ലാവർക്കും സുഖമാണോ? അത്ഭുത വാർത്തകൾ എന്ന പരമ്പരയിൽ നിങ്ങളെ വീണ്ടും കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്! ഈ മാസം ഒരു പുതിയ അത്ഭുത വാർത്തയുമായി ഞാൻ നിങ്ങളെ Meet ചെയ്യുവാൻ വന്നിരിക്കുന്നു.**

നമ്മുടെ വേദപുസ്തകത്തിൽ ബാബിലോണിലേക്ക് അടിമയായി കൊണ്ടുപോയ ദാനീയേൽ, ശദ്രക്, മേശക്, അബേദ് -നെഗോ എന്നിവർ ആ ജനതയുടെ ചരിത്രം മാറ്റിമറിക്കുകയും അതിന്റെ ഭരണാധികാരികളായി ത്തീരുകയും, അവർ നമ്മുടെ ദൈവത്തിന്റെ പരാക്രമവും ശക്തിയും ആ ദേശത്തിൽ വെളിപ്പെടുത്തി, ആ രാജ്യത്തിലെ ഭരണാധികാരികളെ പോലും കർത്താവിലേക്ക് തിരിച്ചതും എങ്ങനെയെന്ന് നാം കാണുന്നു. ഒരു ദിവസം നെബൂഖദ്നേസർ രാജാവ് തന്റെ ബിംബത്തെ ആരാധിക്കാൻ അവരോട് കൽപ്പിച്ചപ്പോൾ ശദ്രക്, മേശക്, അബേദ് -നെഗോ എന്നിവർ ആ കല്പന അനുസരിക്കാൻ



വിസമ്മതിക്കുകയും തങ്ങളുടെ ജീവനുള്ള ദൈവമായ കർത്താവിനെ മാത്രമേ സേവിക്കുകയുള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അപ്പോൾ നെബൂഖദ്നേസർ കോപാകുലനായി അവരെ തീച്ചൂളയിലേക്ക് ഇട്ടുകളഞ്ഞു. എന്നാൽ അവർ നാലുപേരും തീയിൽ സന്തോഷത്തോടെയും കേടുപാടുകളില്ലാതെയും നടക്കുന്നതും നാലാമത്തെ മനുഷ്യൻ അവരോടൊപ്പം നടക്കുന്നതും കണ്ടപ്പോൾ നെബൂഖദ്നേസർ അത്ഭുതപ്പെട്ട് നമ്മുടെ ദൈവമായ കർത്താവിൽ വിശ്വസിച്ച് കർത്താവിനെ തന്റെ ദൈവമായി അംഗീകരിക്കുന്നതിനെക്കുറിച്ചും നമ്മൾ വായിച്ചിട്ടുണ്ട്.

ആ നാല് യുവാക്കൾ കർത്താവിനുവേണ്ടി കാണിച്ച തീക്ഷ്ണതയും ആ സാഹചര്യത്തിലും വിട്ടുവീഴ്ച ചെയ്യാൻ വിസമ്മതിച്ചതുമാണ് നെബൂഖദ്നേസർ രാജാവ് രക്ഷ പ്രാപിക്കാനുള്ള കാരണം. എന്നാൽ ഇന്നത്തെ യൗവനക്കാർ പല സാഹചര്യങ്ങളിലും കർത്താവിനുവേണ്ടി തീക്ഷ്ണത കാണിക്കാതെ വിട്ടുവീഴ്ച ചെയ്യുന്നു.

വരുവിൻ... ഇന്ന് സമാനമായ അത്ഭുതം സംഭവിക്കുമോ എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ്, ആംഹെർസ്റ്റ് നഗരത്തിൽ നിന്ന് ഒരു അത്ഭുതകരമായ വാർത്ത ലഭിച്ചത്.



70 വർഷമായി സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു മഹാനായ പ്രാസംഗികനായിരുന്നു കാർട്ട്റൈറ്റ്. ഒരു ദിവസം ഒരു മെത്തഡിസ്റ്റ് സഭയിൽ പ്രസംഗിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പ്രസംഗത്തിന് മുമ്പ് ഒരു ഗാനം ആലപിക്കും അല്ലേ? ആ സമയത്ത് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ആൻഡ്രൂ ജാക്സൺ സഭയ്ക്കുള്ളിൽ വന്ന് ഒരു കസേരയിൽ ഇരുന്നു. ഇത് കണ്ട പട്ടക്കാരൻ പ്രാസംഗികന്റെ അടുക്കൽ പോയി പ്രസിഡന്റ് എത്തിയെന്നും അദ്ദേഹത്തെ അസ്വസ്ഥനാക്കുന്ന ഒന്നും പറയരുതെന്നും തന്റെ ചെവിയിൽ മുന്നറിയിപ്പ് നൽകി.

പ്രാസംഗികനായ കാർട്ട്റൈറ്റ് ആ ദിവസം മതപരിവർത്തനത്തെക്കുറിച്ച് പ്രസംഗിച്ചു. പ്രസിഡന്റ് അവിടെ ഉണ്ടെന്ന് അദ്ദേഹത്തിന് യാതൊരു ഭയവും ഉണ്ടായിരുന്നില്ല. പ്രസംഗത്തിൽ നിങ്ങൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ തീർച്ചയായും നാശം വരും. മാനസാന്തരപ്പെടാത്ത ഒരു സാധാരണ വ്യക്തിക്ക് നാശം സംഭവിക്കുന്നതുപോലെ, മാനസാന്തരപ്പെടാത്ത പ്രസിഡന്റിനും നാശം സംഭവിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

സഭാ പട്ടക്കാരൻ ഭയന്നുപോയി. എന്നാൽ പ്രസംഗിച്ച കാർട്ട്റൈറ്റിന് ഒട്ടും ഭയമില്ലായിരുന്നു. പ്രസംഗം കേട്ട പ്രസിഡന്റിനും ദേഷ്യം വന്നില്ല. നേരെമറിച്ച്, ശുശ്രൂഷയ്ക്ക് ശേഷം പ്രസിഡന്റ് ജാക്സൺ പ്രാസംഗികനെ അന്വേഷിച്ചുപോയി അദ്ദേഹത്തിലൂടെ വെളിപ്പെട്ട ദൈവദൂതിനായി നന്ദി പറഞ്ഞു. അന്നുമുതൽ ഇരുവരും സ്നേഹിതരായി. കാർട്ട്റൈറ്റ് ക്രമേണ പ്രസിഡന്റിനെ ക്രിസ്തുവിലേക്ക് നയിച്ചു. ജാക്സൺ ഒരു യഥാർത്ഥ ക്രൈസ്തവനായി മാറുകയും ഒരു മികച്ച പ്രസിഡന്റായി അറിയപ്പെടുകയും ചെയ്തു. മനുഷ്യനെ ഭയപ്പെടുന്ന ഒരാൾക്ക് ശക്തനായ ഒരു പ്രാസംഗികനാകാൻ കഴിയില്ല. ഭീരുക്കൾക്ക് കർത്താവിന്റെ ശുശ്രൂഷകരാകുവാൻ കഴിയില്ല. ..."നീതിമാന്മാരോ ബാലസിംഹംപോലെ നിർഭയമായിരിക്കുന്നു" (സദൃ. 28:1).

**അന്ധർ കാഴ്ച പ്രാപിക്കുന്നതും രോഗികൾ സൗഖ്യമാകുന്നതും ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതും മാത്രമാണോ അത്ഭുതം? അല്ല, ഒരാൾ രക്ഷ പ്രാപിക്കുന്നതും ഒരു അത്ഭുതമല്ലേ. അധികാരത്തിലിരിക്കുന്നവർ രക്ഷ പ്രാപിക്കുന്നത് അപൂർവമാണ്. അപ്പോൾ അവർ രക്ഷ പ്രാപിച്ചാൽ അത് ഒരു വലിയ അത്ഭുതമല്ലേ.**

**ഈ പംക്തി വായിക്കുന്ന നിങ്ങളെ രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും മുന്നിൽ കൊണ്ടുവരാൻ കർത്താവ് തയാറായിരിക്കുന്നു. നിങ്ങളിലൂടെ അവർക്ക് രക്ഷ കൽപിക്കുവാൻ പോകുന്നു. എന്നാൽ അതിന് തടസ്സമായിരിക്കുന്ന ഭയം നാം ഒഴിവാക്കണം. കാർട്ട്റൈറ്റ് എന്ന പ്രാസംഗികന്റെ നിർഭയ സ്വഭാവമാണ് ഒരു രാഷ്ട്രത്തിന് സത്യസന്ധനും ശ്രേഷ്ഠനുമായ ഒരു ക്രൈസ്തവ നേതാവിനെ നൽകിയത്. നല്ല നേതാക്കളുടെ രൂപീകരണം ക്രൈസ്തവ യൗവനക്കാരായ നമ്മുടെ കൈകളിലാണ്. എന്താ friends, ദേശത്തെ രൂപാന്തരപ്പെടുത്താൻ നിങ്ങൾ തയാറാണോ?**

**(വാർത്ത തുടരും...)**

# പ്രാർത്ഥന ഡയറി

## ആഗസ്റ്റ് 2025



1. ഇന്ത്യയിലുടനീളം മദ്യപാനത്തിന് അടിമപ്പെട്ടിരിക്കുന്ന ഏകദേശം16 കോടി ആളുകളിൽ 7.5% സ്ത്രീകളാണ്. മദ്യപാന ശീലത്തിന് അടിമപ്പെട്ടിരിക്കുന്നവരുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

2. മയക്കുമരുന്നിന് അടിമയായി തങ്ങളുടെ ജീവിതം ചോദ്യചിഹ്നമായിരിക്കുന്ന സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

3. മയക്കുമരുന്നിന് അടിമപ്പെട്ടതിനെ തുടർന്ന് വിദ്യാഭ്യാസവും, ജോലിയും, ഭാവിയും നഷ്ടപ്പെട്ട യൗവനക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവിൻ.

4. മദ്യവിൽപ്പനയിലൂടെ അധികമായി വരുമാനം ഉണ്ടാക്കുന്ന കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽ സമ്പൂർണ്ണ മദ്യനിരോധനം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

5. ദേശീയതലത്തിൽ 45% ത്തിലധികം മദ്യവിൽപ്പന നടക്കുന്ന ജില്ലകളിലെ മുഖ്യമന്ത്രിമാരുടെ ഹൃദയങ്ങളിൽ കർത്താവ് വലിയ മാറ്റങ്ങൾ വരുത്തുവാനായി പ്രാർത്ഥിക്കുവിൻ.



6. തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട്, വരുമാനം ഇല്ലാതിരുന്നിട്ടും മദ്യം വാങ്ങുവാനായി മോഷ്ടിക്കുകയും, കൊള്ള പോലുള്ള പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നവർ മാനസാന്തരപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

7. മദ്യലഹരിയിൽ എല്ലാ വർഷവും 30 ലക്ഷം പേരും, ഒരു സെക്കന്റിൽ 6 പേരും മരണപ്പെടുന്ന അവസ്ഥ നമ്മുടെ ദേശത്തിൽ നിന്ന് മാറിപ്പോകുവാനായി പ്രാർത്ഥിക്കുവിൻ.

8. മദ്യപാനം മൂലം കരളിലും വായിലും ഉണ്ടാകുന്ന അർബുദം, പാൻക്രിയാസ് രോഗങ്ങൾ, ക്ഷയം, മറ്റ് നിരവധി രോഗങ്ങളാൽ വലയുന്ന ഏകദേശം ഒരു കോടി ജനങ്ങൾ സൗഖ്യം പ്രാപിക്കുവാനും, അവർ മദ്യപാനം ഉപേക്ഷിക്കുവാനും പ്രാർത്ഥിക്കുവിൻ.

9. ഇന്ത്യയിൽ ഒരോ 8 മിനിറ്റിലും ഒരു സ്ത്രീ സെർവിക്കൽ കാൻസർ നിമിത്തം മരിക്കുന്നു. പ്രതിവർഷം 2.80 ലക്ഷം സ്ത്രീകൾ മരണമടയുന്നത് തടയപ്പെടാനായി പ്രാർത്ഥിക്കുവിൻ.

10. കാൻസർ ബാധിച്ച് ജീവനുവേണ്ടി പോരാടി ചികിത്സയിൽ കഴിയുന്ന എല്ലാവരുടെയും പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുവിൻ.

11. കാൻസർ മുക്തമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കും, മരുന്നുകളുടെ ക്ഷാമം തടയുന്നതിനായുള്ള ക്രമീകരണങ്ങൾ സർക്കാർ ചെയ്യുന്നതിനുമായി പ്രാർത്ഥിക്കുവിൻ.

12. ലോകമെമ്പാടുമുള്ള ദരിദ്രരുടെ എണ്ണം കഴിഞ്ഞ 11 വർഷങ്ങൾക്ക് മുമ്പ് 71.3 കോടി ആയിരുന്നതിൽ നിന്ന് ഇപ്പോൾ 83.8 കോടിയായി വർദ്ധിച്ചിരിക്കുന്നു. ഈ ദാരിദ്ര്യം മാറുവാനായി പ്രാർത്ഥിക്കുവിൻ.



13. ഗുജറാത്തിലെ മൂന്നിലൊന്ന് കുടുംബങ്ങൾ അതായത് 31 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഗുജറാത്തിലെ ദാരിദ്ര്യാവസ്ഥ മാറുവാനായി പ്രാർത്ഥിക്കുവിൻ.



14. തമിഴ്നാട്ടിൽ സർക്കാർ ജോലിക്കായി കാത്തിരിക്കുന്ന 35.5 ലക്ഷം പേർക്കും വിദ്യാഭ്യാസത്തിന് അനുയോജ്യമായ ജോലി സർക്കാർ നൽകുന്നതിനായി പ്രാർത്ഥിക്കുവിൻ.

15. സർക്കാർ ജോലികൾക്കായി അപേക്ഷിക്കുവാൻ കാത്തിരിക്കുന്ന 18 നും 25 നും ഇടയിൽ പ്രായമുള്ള 7,58,639 യൗവനക്കാർക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

16. ലോകമെമ്പാടും 10 കോടിയിലധികം ബിരുദധാരികളുള്ള ആദ്യത്തെ രാജ്യമാണ് ഇന്ത്യ. എന്നാൽ തൊഴിലവസരങ്ങൾ നൽകുന്നതിൽ പിന്നോക്കം നിൽക്കുന്ന സർക്കാർ, ഉയർന്ന സ്ഥാനങ്ങൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

17. സർക്കാർ ഓഫീസുകളിലെ ഒഴിവ് തസ്തികകളിൽ നിയമനം നടത്തി, ജോലി കാത്തിരിക്കുന്ന യൗവനക്കാർക്ക് തൊഴിലവസരങ്ങൾ നൽകി അവരുടെ ഭാവി അനുഗ്രഹിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.



18. അഹമ്മദാബാദ് - ലണ്ടൻ എയർ ഇന്ത്യ വിമാനാപകടത്തിൽ മരണപ്പെട്ട 242 യാത്രക്കാരുടെ കുടുംബങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുവിൻ.

19. വിമാനാപകടങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കുവിൻ.

20. വിമാനത്തിലെ പൈലറ്റുമാരും, മറ്റ് ജീവനക്കാരും വ്യോമസേനയിലുള്ള എല്ലാവരും യേശുവിനെ സ്വീകരിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

21. ഇന്ത്യയിലെ 34 അന്താരാഷ്ട്ര വിമാനത്താവളങ്ങളും സംരക്ഷിക്കപ്പെടാനും, വിമാനങ്ങൾ നന്നാക്കി ശരിയായ രീതിയിൽ ഉപയോഗിക്കാനും, എല്ലാവർക്കും ദൈവീകജ്ഞാനം ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

22.2024ൽ 1374 ഭൂകമ്പങ്ങൾ രാജ്യങ്ങളെ പിടിച്ചു കുലുക്കി. വരും ദിവസങ്ങളിൽ ഭൂകമ്പങ്ങൾ ഉണ്ടാകാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

23. കഴിഞ്ഞ വർഷങ്ങളിൽ ഭൂകമ്പങ്ങൾ നിമിത്തം 550 പേർ മരണപ്പെടുകയും, പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ തടസ്സപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

24. ലോകമെമ്പാടും വർദ്ധിച്ചുവരുന്ന ആഗോളതാപം മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ തടയപ്പെടുവാനും, ജനങ്ങളുടെ ജീവൻ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.



25. ലോകമെമ്പാടും കഠിനമായ പട്ടിണിയാൽ ബാധിക്കപ്പെട്ടിരിക്കുന്ന 34 കോടി ജനങ്ങൾക്ക് ഭക്ഷണം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

26. ഭക്ഷ്യക്ഷാമം മൂലം 18 രാജ്യങ്ങളിൽ നിന്ന് കുടിയേറിയ 96 കോടി ജനങ്ങൾ അവരുടെ രാജ്യങ്ങളിലേക്ക് മടങ്ങിപ്പോയി ജീവിക്കുവാനായി പ്രാർത്ഥിക്കുവിൻ.

27. ഭക്ഷ്യക്ഷാമത്തിന് കാരണമാകുന്ന കാലാവസ്ഥ വ്യതിയാനം കൃഷിയെ ബാധിക്കാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

28. ഭക്ഷണമില്ലാതെ ഭാരപ്പെടുന്ന ജനങ്ങൾക്ക് സർക്കാർ ഭക്ഷ്യവസ്തുക്കൾ നൽകുവാനും, പട്ടിണി മരണങ്ങളുടെ എണ്ണം കുറയാനും പ്രാർത്ഥിക്കുവിൻ.

29. സകല ജഡത്തിന്മേലും പരിശുദ്ധാത്മാവ് പകരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുവിൻ.

30. ലോകമെമ്പാടുമുള്ള സഭകളുടെ ഉണർവിനായി പ്രാർത്ഥിക്കുവിൻ.

31. സഭകൾക്കെതിരെ ഉയർന്നുവരുന്ന ശത്രുവിന്റെ ശക്തികൾ നശിച്ചുപോകുവാനും, സഭകൾ സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.





# ഉണർവിന്റെ വിത്തുകൾ

**കഴിഞ്ഞ മാസം മേരി സ്ലേസർ കർത്താവിനോടുള്ള സ്നേഹം നിമിത്തം ആഫ്രിക്കയിൽ താമസിച്ച് നിരവധി വെല്ലുവിളികൾ നേരിട്ട് അനേകരെ ക്രിസ്തുവിനായി നേടിയതിനെക്കുറിച്ച് കണ്ടു. മാതാപിതാക്കളുടെ എതിർപ്പ് വകവയ്ക്കാതെ വെറും 70 ഡോളർ മാത്രം കൈയിൽ കരുതി, പുറത്താക്കപ്പെട്ട്, ഇന്നും മിഷനറിയായി തുടരുന്ന ഒരു മനുഷ്യനെ ഈ മാസം നമുക്ക് കാണാം.**



ബ്രൂസ് ഓൾസെൻ

കുട്ടിക്കാലത്ത് തന്നെ ക്രിസ്തുവിനെ സ്വീകരിച്ച ബ്രൂസ് ഓൾസൺ എന്ന യുവാവ്, തനിക്ക് 15 വയസ്സുള്ളപ്പോൾ തെക്കേ അമേരിക്കയിലെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിക്കാനും തുടങ്ങി. 1961 ൽ തന്റെ 19-ാം വയസ്സിൽ ദൈവവിളി മനസ്സിലാക്കി, മാതാപിതാക്കളുടെ എതിർപ്പ് മറികടന്ന് കൈയിൽ 70 ഡോളറുമായി അദ്ദേഹം വെനിസ്വേലയിലേക്ക് ഒരു മിഷനറിയായി പോയി. കൈയിലുണ്ടായിരുന്ന പണം പെട്ടെന്ന് തീർന്നു, ദൈവത്തെ പൂർണ്ണമായും ആശ്രയിക്കുകയല്ലാതെ അദ്ദേഹത്തിന് മറ്റ് മാർഗമില്ലായിരുന്നു. അവിടെ വച്ച് അദ്ദേഹം സ്പാനിഷും പഠിച്ചു.

മോട്ടിലോൺ ഗോത്രം അപരിഷ്കൃതമായ രീതിയിലാണ് ജീവിക്കുന്നതെന്നും പുറത്തുനിന്നുള്ളവരെ അവർ കാണാൻ അനുവദിക്കുകയില്ലെന്നും അറിഞ്ഞപ്പോൾ, അവരെക്കുറിച്ച് ആ യുവാവിന് ഒരു ഭാരം ഉണ്ടായി. ആ സമയത്ത്, എല്ലാ വിദേശികളും ഉടൻ വെനിസ്വേല വിട്ടുപോകണമെന്ന് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. എന്ത് ചെയ്യണമെന്ന് അറിയാതെ ആ യുവാവ് ഭാരപ്പെട്ടപ്പോൾ, ഹോസ്റ്റലിലെ ഒരാൾ തെക്കേ അമേരിക്കയിൽ താമസിക്കാനും, തദ്ദേശീയർക്കിടയിൽ ശുശ്രൂഷിക്കാനും സഹായിച്ചു.

ഒരു ദിവസം ഒരു ഗൈഡിന്റെ സഹായത്തോടെ മോട്ടിലോൺ ഗോത്രത്തെ അന്വേഷിച്ച് കണ്ടെത്താൻ കാട്ടിനുള്ളിൽ പല ദിവസങ്ങൾ സഞ്ചരിച്ചു. ആ സ്ഥലത്ത് എത്തിയപ്പോൾ, മോട്ടിലോൺ ആദിവാസികൾ ഇവിടെയാണ് താമസിക്കുന്നത് എന്നു പറഞ്ഞതിനുശേഷം ഗൈഡ് അപ്രത്യക്ഷനായി.

ആ യുവാവ് നടന്നു നീങ്ങിയപ്പോൾ, ആറടി നീളമുള്ള ഒരു അമ്പ് അയാളുടെ അടുത്തേക്ക് പാഞ്ഞുവന്ന് തുടയിൽ തുളച്ചുകയറി. അയാൾ ഉടനെ ബോധരഹിതനായി വീണു. ഉണർന്നപ്പോൾ കുന്തങ്ങളുമായി നിരവധി ആളുകൾ ചുറ്റും നിൽക്കുന്നുണ്ടായിരുന്നു. നേതാവില്ലാത്തതിനാൽ അവർ അയാളെ ഒരു വീട്ടിൽ താമസിപ്പിച്ചിരുന്നു. രണ്ട് ദിവസത്തിന് ശേഷം ചില വേട്ടക്കാർ ആ യുവാവിനെ രക്ഷപ്പെടുത്തി ആശുപത്രിയിൽ എത്തിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അയാൾ സൗഖ്യം പ്രാപിച്ചു. നേരിട്ട കഷ്ടപ്പാടുകളിൽ തളരാതെ, വീണ്ടും മോട്ടിലോൺ ഗോത്രത്തോട് യേശുവിനെ പ്രസംഗിക്കാൻ പുറപ്പെട്ടു. ആ കുറ്റിക്കാട്ടിന്റെ പിന്നിൽ അഞ്ച് യുവാക്കൾ കൈകളിൽ അമ്പുകളുമായി നിൽക്കുന്നത് കണ്ടപ്പോൾ ഓൾസൺ പിൻവാങ്ങി. എന്നിട്ടും അവർ ഓൾസനെ നേതാവിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഓൾസണ് മഞ്ഞപ്പിത്തം ബാധിച്ചിരുന്നതിനാൽ വഴിയിൽ ബോധരഹിതനായി. എന്നിട്ടും അവർ അവനെ ചുമന്ന് തലവന്റെ അടുത്തേക്ക് കൊണ്ടുപോയി. അവർ അവനെ കൊന്നില്ല. അവൻ സ്വയം മരിക്കാനും അനുവദിച്ചില്ല. അവർ താമസിച്ചിരുന്ന വലിയ കൂടാരം പോലുള്ള വീട്ടിൽ അവനെ കിടത്തി. എല്ലാവരും ഉറങ്ങിയപ്പോൾ അവൻ പതുക്കെ എഴുന്നേറ്റ് പുറത്തേക്ക് വന്നു വീണു. തുറസായ സ്ഥലത്ത് ഒരു മനുഷ്യൻ കിടക്കുന്നത് കണ്ട പൈലറ്റ് ഹെലികോപ്റ്റർ താഴെ ഇറക്കി അയാളെ രക്ഷിച്ചു. ഇത് ഒളിഞ്ഞിരുന്ന് കണ്ട ആ ആളുകൾ ഒരു ഭീമൻ കഴുകൻ അവനെ കൊണ്ടുപോയി എന്ന് കരുതി. അടുത്ത ആഴ്ച സൗഖ്യം പ്രാപിച്ച് അതേ ഗ്രാമത്തിലേക്ക് വീണ്ടും പോയി, അവിടെ നേത്രരോഗം ബാധിച്ചവർക്ക് മരുന്ന് നൽകി സൗഖ്യമാക്കി. ആ ഗ്രാമത്തലവനും അവിടെ താമസിക്കുന്നവരും അവന്റെ സ്നേഹിതരായിമാറി. അവരും അവനെ ബഹുമാനിക്കാൻ തുടങ്ങി.



മോട്ടിലോണിലെ ജനങ്ങൾ ടിപ്പോടിപ്പോ എന്ന ദൈവത്തെ ആരാധിച്ചിരുന്നു. നക്ഷത്രങ്ങളുടെ പിന്നിലുള്ള വലിയ കുടിലിലാണ് ദൈവം വസിക്കുന്നതെന്നാണ് അവർ വിശ്വസിക്കുന്നത്. ദൈവം വളരെ സ്നേഹമുള്ളവനായതിനാൽ മോട്ടിലോൺ ജനതയോടൊപ്പം വസിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും അതുകൊണ്ട് കർത്താവ് തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, ഉയിർത്തെഴുന്നേറ്റു, നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുവിനെ സ്വീകരിച്ചാൽ, നിങ്ങൾക്ക് ഡിപ്പോട്ടിബോയുടെ കുടിലിൽ പോകേണ്ട എന്നു പറഞ്ഞ് ക്രമേണ ആളുകളെ കർത്താവിലേക്ക് തിരിച്ചു.

അദ്ദേഹത്തിന്റെ പ്രസംഗത്തിന് ഉടനടി ഫലമുണ്ടായില്ല. അവരുടെ മോശം ശീലങ്ങൾ ചൂണ്ടിക്കാണിക്കുകയും ഇങ്ങനെ ചെയ്യുന്നത് കർത്താവ് ഇഷ്ടപ്പെടുന്നില്ല എന്ന് അവരോട് പറയുകയും ചെയ്തു. ക്രമേണ ആളുകൾ അദ്ദേഹത്തിന്റെ വാക്ക് അനുസരിച്ചു. ആദ്യം ഓൾസണെ കൊല്ലാൻ ശ്രമിച്ച യുവാവായ കൊറൈറ അനുതപിക്കുകയും ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്തു. നിരവധി മോട്ടിലോൺ ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു. ഓൾസന്റെ 28 വർഷത്തെ ശുശ്രൂഷയിലൂടെ 10 ആരോഗ്യകേന്ദ്രങ്ങൾ, 15 കാർഷിക കേന്ദ്രങ്ങൾ, 8 ഉൽപന്ന വിപണികൾ, 12 സ്കൂളുകൾ, നിരവധി പള്ളികൾ എന്നിവ സ്ഥാപിക്കപ്പെട്ടു.

**പ്രിയപ്പെട്ട യൗവനക്കാരെ! പലതവണ കുത്തേറ്റിട്ടും രോഗബാധിതനായിട്ടും നിർഭയമായും ജീവനെ ഓർക്കാതെ യേശുവിന്റെ സ്നേഹം മോട്ടിലോൺ ഗോത്രക്കാരോട് അറിയിച്ച് അനേകരെ ക്രിസ്തുവിലേക്ക് നയിച്ച ബ്രൂസ് ഓൾസൺ ഇന്നും 83-ാം വയസ്സിലും ബാരി ജനതയ്ക്കിടയിൽ മാത്രമല്ല, കൊളംബിയൻ കാടുകളിലെ നിരവധി തദ്ദേശീയ ജനതകൾക്കിടയിലും ഒരു ധീര ശുശ്രൂഷകനാണ്. കർത്താവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും അനുസരണവും ഓൾസനെ ഒരു നേട്ടക്കാരനാക്കി. നിങ്ങൾ സമർപ്പിച്ചാൽ കർത്താവിന് നിങ്ങളെയും ശക്തമായി ഉപയോഗിക്കാൻ കഴിയും.**

## തീച്ചൂളയിൽ വീണ 3 സ്നേഹിതർ

ബാബിലോൺ രാജാവായ നെബൂഖദ്നേസർ ഒരു വലിയ സ്വർണ്ണബിംബം ഉണ്ടാക്കി അതിനെ ആരാധിക്കാൻ ഉത്തരവിട്ടു. ശദ്രക്കും മേശക്കും അബേദ്നെഗോയും കർത്താവിനെ മാത്രമേ ആരാധിച്ചിരുന്നുള്ളൂ. അതിനാൽ അവർ ബിംബത്തെ ആരാധിക്കാൻ വിസമ്മതിച്ചു. രാജാവ് കോപാകുലനായി, മൂന്ന് പുരുഷന്മാരെയും കെട്ടിയിട്ട് പതിവിലും ഏഴ് മടങ്ങ് ചൂടുപിടിപ്പിച്ച തീച്ചൂളയിലേക്ക് ഇട്ടുകളഞ്ഞു. അവരെ തീച്ചൂളയിലേക്ക് എറിയാൻ കൊണ്ടുപോയ പുരുഷന്മാരെ അഗ്നി ദഹിപ്പിച്ചുകളഞ്ഞു. എന്നാൽ ശദ്രക്കും മേശക്കും അബേദ്നെഗോയും തീയിൽ സുരക്ഷിതരാണെന്ന് കണ്ടപ്പോൾ രാജാവ് ഭ്രമിച്ചുപോയി. ഒരു ദൂതനെപ്പോലെ തോന്നിക്കുന്ന നാലാമത്തെ വ്യക്തി ചൂളയിലുണ്ടെന്നും അവർക്ക് ഒരു കേടുംതട്ടിയിട്ടില്ലെന്നും കണ്ടു. അങ്ങനെ ശദ്രക്കിനെയും മേശക്കിനെയും അബേദ്നെഗോയെയും തീച്ചൂളയിൽ നിന്ന് പുറത്തുകൊണ്ടുവരാൻ രാജാവ് കൽപ്പിച്ചു. എല്ലാവരും അവരുടെ ദൈവത്തെ ആരാധിക്കണമെന്നും രാജാവ് കൽപ്പിച്ചു (ദാനീയേൽ 3).



**പ്രിയ സ്നേഹിതരേ, സ്നേഹിതർ ഏകഹൃദയത്തോടെ കർത്താവിൽ വിശ്വസിച്ചു. രാജാവിനെ ഭയപ്പെടാതെ ഉറച്ചു നിന്നതുകൊണ്ട്, അവരുടെ ദൈവം വാഴ്ത്തപ്പെട്ടവൻ എന്ന് പറഞ്ഞ് രാജാവും കർത്താവിനെ വണങ്ങുവാൻ സഹായിച്ചു.**



## സദ് വർത്തമാനം പറഞ്ഞ 4 സ്നേഹിതർ

അരാമ്യയിലെ രാജാവ് യിസ്രായേൽ രാജാവിനെതിരെ വന്നു ശമര്യയെ ഉപരോധിച്ചു. ശമര്യയിൽ കടുത്ത ക്ഷാമം ഉണ്ടായി. നാല് കുഷ്ഠരോഗികൾ പട്ടണത്തിന് പുറത്ത് ഭക്ഷണം കിട്ടാതെ കിടന്നു. "പട്ടണത്തിൽ ക്ഷാമമായിരിക്കകൊണ്ടു നാം അവിടെവച്ചു മരിക്കും; അതുകൊണ്ട്അരാമ്യപാളയത്തിൽ പോകാം; അവർ നമ്മെ ജീവനോടെ വച്ചാൽ നാം ജീവിച്ചിരിക്കും; അവർ നമ്മെ കൊന്നാൽ നാം മരിക്കയേയുള്ളൂ "എന്നു പറഞ്ഞു. പാളയത്തിന്റെ മുൻനിര കാവൽക്കാർ എത്തിയപ്പോൾ അവർ ഒരു കൂടാരത്തിൽ കയറി തിന്നു കുടിച്ചു. അവിടെ നിന്ന് വെള്ളിയും സ്വർണ്ണവും വസ്ത്രങ്ങളും എടുത്തുകൊണ്ടുപോയി ഒളിച്ചുവച്ചു. മടങ്ങിവന്നു മറ്റൊരു കൂടാരത്തിനകത്തു കയറി അതിൽ നിന്നും എടുത്തുകൊണ്ടുപോയി ഒളിച്ചുവച്ചു. പിന്നെ അവർ എന്തുചെയ്യണമെന്ന് ചിന്തിച്ചു തുടങ്ങി. "അവർ തമ്മിൽ തമ്മിൽ: നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റംവരും; ആകയാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ അറിവുകൊടുക്ക" എന്നു പറഞ്ഞ് രാത്രി തന്നെ സദ്വർത്തമാനം അറിയിക്കാൻ പോയി (2 രാജാ.7:1-15).



**പ്രിയപ്പെട്ടവരെ! ഈ കുഷ്ഠരോഗികളെപ്പോലെ നമുക്കും കഴിയുന്ന വിധത്തിൽ മറ്റുള്ളവരോട് സുവിശേഷം അറിയിക്കാൻ ശ്രമിക്കാം.**